Kandanad

Diocesan Bulletin

Vol. 12, No. 8, 15 August 2024

എഡിറ്റോറിയൽ

# സാമൂഹ്യ ആരോഗ്യത്തിന്റെ ആത്മീയത

ഇന്ത്യൻ ഗ്രാമങ്ങളിൽ വിഷാദരോഗത്തോത് വർദ്ധിക്കുന്നത് സംബന്ധിച്ച് ഈ അടുത്തകാലത്ത് പുറത്തുവന്ന റിപ്പോർട്ട് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ട ഒന്നാണ്. ഈ പഠനം അനുസരിച്ച് ഗ്രാമീണ ഇന്ത്യയിൽ വിഷാദരോഗത്തിന്റെ തോത് കൂടുന്നു എന്നാണ് റിപ്പോർട്ട്. ട്രാൻസ്ഫോം റൂറൽ ഇന്ത്യയും ഡെവലപ്മെന്റ് ഇന്റലിജൻസ് യൂണിറ്റും സംയുക്തമായി വിവിധ ഗ്രാമങ്ങളിൽ നടത്തിയ സർവ്വേയിൽ പ്രതികരിച്ചവരിൽ 45 ശതമാനം പേരും വിഷാദമനുഭവിക്കുന്നതായിട്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ഇരുപത്തിയൊന്ന് സംസ്ഥാനങ്ങളിലെ 5389 വീടുകളിലാണ് സർവ്വേ നടത്തിയത്. ചെറുപ്പക്കാരെക്കാൾ പ്രായമായവരിലാണ് വിഷാദത്തിന്റെ കാഠിന്യം കൂടുതലുള്ളത്. 60 വയസ്സിനും അതിനു മുകളിൽ ഉള്ളവരിൽ 55 ശതമാനമാണ് വിഷാദരോഗം അനുഭവിക്കുന്നത്. വർദ്ധിക്കുന്ന മാനസികാരോഗ്യപ്രശ്നം പൊതുജനാരോഗ്യ സംവിധാനത്തെ ബാധിക്കുന്നതായി 'ആരോഗ്യപരിരക്ഷ ഗ്രാമീണ ഇന്ത്യയിൽ 2024' എന്ന ഈ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. പ്രായമായവരിൽ മാത്രമല്ല ചെറുപ്പക്കാരിലും ഈ രോഗം ആഴ്ന്നിറങ്ങുന്നുണ്ട് എന്നതും ഇതിലൂടെ പുറത്തുവന്നിട്ടുണ്ട്. ഈയൊരു മാറ്റത്തിന്റെ മറ്റൊരു വശം നാം കാണുന്നത് കുട്ടികളിൽ വല്ലാതെ വർദ്ധിച്ചുവരുന്ന ഡിജിറ്റൽ അഡിക്ഷൻ (ഡി-ഡാസ്) ആണ്. ഇന്റർനെറ്റ് അമിത ഉപയോഗം വഴി കുട്ടികൾ അതിന് അടിമകൾ ആവുകയും അതുവഴി ജീവനെടുക്കുന്ന ഓൺലൈൻ ഗെയിമുകൾ, വിവിധ ഓൺലൈൻ റാക്കറ്റുകൾ എന്നിവയിൽ ചെന്ന് പെടുകയും ചെയ്യുന്നു. കേരളാ പോലീസ് ഈ അടുത്ത സമയത്ത് പുറത്തുവിട്ട കണക്കനുസരിച്ച് ഡിജിറ്റൽ അഡിക്ഷൻ പദ്ധതി മുഖേനെ കഴിഞ്ഞ 15 മാസത്തിനിടെ 385 കുട്ടികളെ മൊബൈൽ-ഇന്റർനെറ്റ് അമിത ഉപയോഗത്തിൽ നിന്ന് മുക്തരാക്കി എന്നാണ് കണക്കുകളിൽ നിന്ന് അറിയാൻ കഴിയുന്നത്. ഇന്റർനെറ്റ് അഡിക്ഷൻ ടെസ്റ്റ് വഴി ഡിജിറ്റൽ അടിമത്വത്തിന്റെ തോത് കണ്ടെത്താനും സ്മാർട്ട് ഫോൺ അഡിക്ഷൻ ടെസ്റ്റ് നടത്താനും അതിന് തുടർ ചികിത്സ നൽകാനുമുള്ള എല്ലാ സാഹചര്യങ്ങളും ഇന്ന് നിലവിലുണ്ട്. ചികിത്സ-കൗൺസിലിംഗ് സൗകര്യങ്ങളുടെ കുറവുകൾ അല്ല ഇന്നത്തെ പ്രധാന പ്രശ്നം. ഇത്തരത്തിൽ മനുഷ്യരുടെ സാമൂഹ്യ ജീവിതത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന വ്യതിയാനങ്ങളെ കണ്ടെത്താനും പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്താനും നമുക്ക് സാധിക്കാതെ പോകുന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന 'സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ' ഈ മേഖലയിലെ ചികിത്സാരംഗത്ത് വലിയ സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്നത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണ്.

ഈയൊരു പശ്ചാത്തലത്തിലാണ് ഇവിടുത്തെ മതങ്ങളും ക്രൈസ്തവസഭകളുടം വീണ്ടുവിചാരത്തോടെ ഇടപെടേണ്ടി വരുന്നത്. മേൽപറഞ്ഞ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഇപ്പോഴത്തെ പൊതു സാമൂഹ്യസാഹചര്യം പരിശോധിച്ചാൽ മുതിർന്നവരിലും യുവതീ-യുവാക്കളിലും മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. വീടുകളിൽ ഒറ്റയ്ക്കായി പോകുന്ന പ്രായമായ മാതാപിതാക്കളും സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി അതിനോട് ആരോഗ്യകരമായി പ്രതികരിക്കാൻ സാധിക്കാത്ത പൊതു സമൂഹവും കുടുംബത്തിലെ മറ്റ് അംഗങ്ങളും ഇന്ന് നാം അഭിമുഖീകരിക്കുന്ന ഗൗരമായ പ്രശ്ന

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

എഡിറ്റോറിയൽ പേജ്
**സാമൂഹ്യ ആരോഗ്യത്തിന്റെ ആത്മീയത** ........ 1

**ആർഭാടത്തിന് ഒരു ആത്മീയ വിമർശനം** ........ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ആഡംബരം രക്ഷയെ തടയുന്നു** ........ 5
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ആവർത്തിക്കുന്ന ദുരന്തങ്ങൾ കണ്ടാലും കൊണ്ടാലും പഠിക്കാത്ത ഭരണകൂടം** ........ 6
ഡോ. എം. പി. മത്തായി

**സഭാ ദർശനം: പഴയനിയമത്തിൽ** ........ 9
ഫാ. ഏലിയാസ് കെ. വി.

**Bold and Humble: Witnessing to Christ Today Some Perspectives on the Tasks of Theology** ........ 11
Fr. Dr. K. M. George

**നിരസിക്കപ്പെട്ടേക്കാം, എന്നാൽ നിരാശ വേണ്ട** ........ 13
ഫാ. സിബി മാത്യു വർഗീസ്

മാണ്. യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെയും കുടുംബങ്ങളുടെയും കുടിയേറ്റവും ഈ പ്രശ്നത്തെ വരും കാലങ്ങളിൽ കൂടുതൽ കലുക്ഷിതമാക്കി തീർക്കും. കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങളിൽ യുവജന സാന്നിദ്ധ്യം സാവധാനം അസ്തമിച്ചുവരുന്നതും നമ്മുടെ സാമൂഹ്യ-മത-ജീവിതത്തിന്റെ മറ്റൊരു ദുരന്തഘട്ടമായി മനസ്സിലാക്കണം. അതോടൊപ്പം കുടുംബം, വീട്, നാട്, പള്ളി തുടങ്ങി ഓരോന്നിനെക്കുറിച്ചും നില നിർത്തി വന്ന വൈകാരികമായ അടുപ്പത്തിനും അവയെപ്പറ്റി പൊതുവെ പുലർത്തി വന്ന ധാരണകൾക്കും ഇന്ന് മാറ്റം വന്നിരിക്കുന്നു. ഈ മാറ്റങ്ങളെല്ലാം ആരോഗ്യകരമാണോ എന്നതും പൊതു നന്മയ്ക്ക് ഉതകുന്നതാണോ എന്നതും കാത്തിരുന്നു കാണേണ്ടതാണ്.

ഇതോടൊപ്പം വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വങ്ങളും അതുണ്ടാക്കുന്ന അസ്ഥിരതയും ഭാവിയെക്കുറിച്ചുള്ള ആകുലതകളും ശാരീരിക-മാനസികാരോഗ്യത്തിൽ വന്ന കുറവും പൊതുവേ മനുഷ്യാരോഗ്യത്തെ തകർക്കുന്നതിന് കാരണമാകുന്നുണ്ട്. പുതുതലമുറയാണെങ്കിൽ ഈയൊരു വ്യവസ്ഥിതിയിൽ ജീവിക്കുന്നത് തങ്ങളുടേതായ സൈബർ ഇടങ്ങളിലാണ്. ഒരുപക്ഷേ ഇവയിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി നിൽക്കാൻ സാധിക്കാതെ വന്നേക്കാം. എന്നാൽ മനുഷ്യൻ തന്നെത്തന്നെ മറക്കുകയും അവന്റെ അസ്ഥിത്വവും നിലനിൽപ്പും മറന്ന് മുന്നേറുകയും ചെയ്യുമ്പോൾ ആത്യന്തികമായി പരാജിതരാകും എന്ന തിരിച്ചറിവ് എങ്കിലും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

ഈയൊരു പശ്ചാത്തലത്തിൽ മതങ്ങൾക്ക് പ്രത്യേകിച്ച് ക്രൈസ്തവ സഭകൾക്ക് എന്താണ് ചെയ്യാനുള്ളത്. മനുഷ്യന്റെ സാമൂഹ്യജീവിതം തന്നെ വലിയ പരിവർത്തനത്തിന് വിധേയമാകുമ്പോൾ ഉത്തരവാദിത്വബോധത്തോടെ ക്രൈസ്തവസഭകൾ ഇടപെടുന്നുണ്ടോ എന്ന് ചോദിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആരോഗ്യപൂർണ്ണമായ സമൂഹനിർമ്മിതി സഭകളുടെ പരമമായ ലക്ഷ്യമല്ലേ? ഇന്ത്യയിൽ തന്നെ എത്രയെത്ര മതങ്ങൾ, തത്വശാസ്ത്രങ്ങൾ, ജീവിതരീതികൾ, ഇവയുടെയൊക്കെ ആനുകാലിക ജീവിതത്തിലോ പ്രവർത്തനങ്ങളിലോ ഈയൊരു ലക്ഷ്യം പ്രതിഫലിക്കുന്നുണ്ടോ. ക്രൈസ്തവസഭകളുടെ ആത്മീയദർശനങ്ങളിൽ സമഗ്രസൗഖ്യമല്ലേ ലക്ഷ്യമാക്കേണ്ടത്. സുവിശേഷം സഭകളെ സ്വാധീനിക്കുന്നുണ്ടെങ്കിൽ അങ്ങനെ പ്രവർത്തിക്കാനേ കഴിയൂ. അതോ നാം അനുഷ്ഠാന മതത്തിന്റെ വക്താക്കളാണോ. അനുഷ്ഠാനം അത് എപ്പോഴും അതിന്റെ മൂല്യവ്യവസ്ഥയ്ക്ക് വിരുദ്ധമായി നിലനിൽക്കുന്നതാണ്. കാരണം അവിടെ മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നുമാത്രമേ പരിഗണിക്കപ്പെടൂ.

*ശേഷം 16-ാം പേജിൽ*

# ആർഭാടത്തിന് ഒരു ആത്മീയ വിമർശനം

സർക്കാർ, സഭ, സമൂഹ, കുടുംബ, വ്യക്തി തലങ്ങളിൽ ആർഭാടപ്രകടനങ്ങൾ ഇന്നൊരു സാധാരണ സംഭവമായി കഴിഞ്ഞിരിക്കുകയാണ്. അതിൽ അസ്വാഭാവികമായി ഒന്നും പലരും കാണുന്നതായി തോന്നുന്നില്ല. മുകേഷ് അംബാനി തന്റെ മകന്റെ വിവാഹ ചടങ്ങുകൾക്കായി ചെലവിട്ടത് 5000 കോടി രൂപയാണ്. അത് അധികപ്പറ്റായി കാണുന്നവർ ദുർലഭമാണ് എന്ന് തോന്നുന്നു. അയാൾക്ക് അതിനു സാധിക്കുമെങ്കിൽ അതിൽ പിശക് എന്താണുള്ളത് എന്നാണ് പൊതുവേയുള്ള പ്രതികരണം. ലിയോ ടോൾസ്റ്റോയിയും ജോൺ റസ്കിനുമൊക്കെ അദ്ദേഹത്തെ ആവേശം കൊള്ളിച്ചിരിക്കാൻ സാദ്ധ്യതയില്ലല്ലോ. ആഡംബരത്തിന് ആവശ്യമായ വകുപ്പുണ്ടെങ്കിൽ എന്തുകൊണ്ടായിക്കൂടാ എന്നാണ് പലരുടെയും പ്രതികരണം. ധൂർത്തടിക്കാതിരിക്കുന്നത് പിശുക്കായിട്ടാണ് പലപ്പോഴും വ്യവഹരിക്കപ്പെടുക. ആർഭാടം കുറയ്ക്കുന്നെങ്കിൽ സാമ്പത്തിക സൗകര്യക്കുറവുകൊണ്ടു മാത്രം എന്ന് കരുതിയാൽ മതിയാകും. ഏതായാലും അംബാനിയുടെ പ്രകടനം നവമാദ്ധ്യമങ്ങൾ ആഘോഷിക്കുന്നു.

വിവാഹവിരുന്ന് എങ്ങനെ നടത്തണം എന്ന് ക്രിസ്തു പറഞ്ഞിട്ടുള്ളത് (ലൂക്കോ. 14:11-14) അംബാനി വായിച്ചിരിക്കാനിടയില്ല. ഒറ്റമുണ്ട് ഉടുത്ത് എവിടെയും പ്രത്യക്ഷപ്പെട്ടിരുന്ന ഗാന്ധിജിയെ അയാൾ ആദർശപുരുഷനായി കാണാത്തതും സ്വാഭാവികം. അതുകൊണ്ട് അദ്ദേഹത്തെ വിചാരണ ചെയ്യാനൊന്നും ഉദ്യമിക്കേണ്ട കാര്യമില്ല. കഴിവുള്ള പ്രകാരവും അതിനപ്പുറവും ആർഭാടം നടത്തി കഴിയുന്നവരാണ് തിരുവചനം മനസ്സിലാക്കിയിട്ടുള്ള നാമും.

ആഡംബരവും ധൂർത്തും നടത്തുന്നതിന് മേഖലകൾ നിരവധിയുണ്ട്. വീട്, വാഹനം, വേഷം, ആഭരണങ്ങൾ വിവാഹ-ശവസംസ്കാര ചടങ്ങുകൾ തുടങ്ങിയവയിൽ എല്ലാം ഇത് പ്രകടമാണ്. മനുഷ്യർ ഇതു ചെയ്യുന്നതിന് ഒരു മനഃശാസ്ത്രം ഉണ്ട്. പൊതുസമൂഹം ഇതിൽ വിസ്മയംകൊള്ളുകയും അനുവർത്തിക്കുന്നവർ ആരാധ്യരാവുകയും ചെയ്യുന്നു എന്നതാണ് ഇതിനുള്ള ആകർഷണം. ഇതിൽ പിശക് കണ്ടെത്താൻ ബഹുഭൂരിപക്ഷത്തിനും കഴിയുന്നില്ല എന്നത് ഇതിന് അംഗീകാരമായി പരിണമിക്കുന്നു. പൊതുസമൂഹത്തിൽ ഇതു മതിപ്പ് സൃഷ്ടിക്കുന്നതുകൊണ്ട് ഈ പ്രതിഭാസം വ്യാപകമായി തീരുന്നു എന്നത് സ്വാഭാവികം. പാശ്ചാത്യരാജ്യങ്ങളിൽ സാമൂഹ്യബോധമുള്ള ഭരണാധികാരികൾ സ്വയം വാഹനമോടിച്ച് മാർക്കറ്റിൽ പോയി സാധനങ്ങൾ വാങ്ങിക്കുന്ന രീതി ഇവിടെ ആർക്കും തന്നെ ആകർഷകമാകുന്നില്ല. ആരുടെയും കണ്ണു തുറപ്പിക്കുന്നുമില്ല. ആഡംബരപ്രകടനത്തിലൂടെ ജനത്തെ സ്തബ്ധരാക്കുവാൻ കഴിയും എന്നതാണ് ഈ നാട്ടിൽ ആദരവ് ആർജ്ജിക്കുന്നതിനുള്ള ഈ മാർഗ്ഗം അവലംബിക്കുവാൻ പ്രേരകമാകുന്നത്. ആഡംബര പ്രകടനക്കാരെ ആദർശവത്കരിക്കാതിരിക്കാൻ രാഷ്ട്രീയ, വ്യവസായ മേഖലകളിൽ ഉള്ളവർക്കു മാത്രമല്ല ആത്മീയരംഗത്തെ 'ശുശ്രൂഷകർക്ക്' പോലും കഴിയുന്നില്ല. ഇത്തരക്കാരോടുള്ള വീരാരാധന സമൂഹത്തിൽ നിലനിൽക്കുന്നിടത്തോളം കാലം ആർഭാടത്തിന് മാർക്കറ്റ് ഇടിയുകയില്ല എന്ന് രാഷ്ട്രീയ-മതാധികാരികൾ ഉൾപ്പെടെ പൊതുസമൂഹത്തിന്റെ ചെലവിൽ ധൂർത്തടിക്കുന്നവർക്കും അറിയാം. കത്തോലിക്കാസഭയുടെ ആഗോള അദ്ധ്യക്ഷനായ ഫ്രാൻസിസ് മാർപാപ്പ തന്റെ ജീവിത-പ്രവർത്തന രംഗങ്ങളിൽ പ്രകടിപ്പിക്കുന്ന മിതത്വവും ലാളിത്വവും പലരും ഒരു മാതൃകയായി കാണുന്നില്ല. അദ്ദേഹത്തെ സന്ദർശിക്കുവാൻ പോകുന്ന പല സഭാദ്ധ്യക്ഷന്മാർ പോലും ആടയാഭരണങ്ങൾ കുറച്ച് പോകുന്നതിനുള്ള ഔചിത്യം പുലർത്തുന്നതായും കാണുന്നില്ല. മനുഷ്യന് വിവരവും വകതിരിവും നഷ്ടപ്പെട്ടാൽ എന്തു ചെയ്യാം.

ആഡംബരഭ്രമത്തിന് കാരണവും നീതീകരണവും കണ്ടെത്താനാവും. ധനികജീവിത പാരമ്പര്യമുള്ളവർക്ക് ഒരു പക്ഷേ ഇതൊരു സ്വാഭാവിക കാര്യമാണ്. അത് അവർക്ക് ഒരു പതിവാണ്. രാഷ്ട്രീയ-മതരംഗങ്ങളിൽ ഉയർന്ന സ്ഥാനങ്ങളിലേക്ക് ഏതു കുത്സിത മാർഗ്ഗവും അവലംബിച്ച് കയറി വരുന്നവർ പലരും സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക അധഃകൃതാവസ്ഥ ഉള്ളവരാണ്. ഈ പിന്നാക്കാവസ്ഥ അവരിൽ സൃഷ്ടിക്കുന്ന അപകർഷതാബോധത്തിന് പരിഹാരവും സമൂഹത്തിൽ അംഗീകാരവും നേടുന്നതിന് അവരിൽ പലരും മാർഗ്ഗമായി കാണുന്നത് ആഡംബരമാണ്. ആദരവ് നേടുന്നതിനുള്ള കുറുക്കുവഴിയായി ഈ വഴി അവർ അവലംബി

ക്കുന്നു. അതുകൊണ്ട് ഈ ജീവിത രീതിക്ക് അവർ സ്വയം നീതീകരണം കണ്ടെത്തുന്നു. ജനം അത് അംഗീകരിക്കുകയും ചെയ്യുന്നു. പ്രവർത്തന മേഖലകളിലെ കഴിവു കുറവും ധാരണയില്ലായ്മയും ധാർഷ്ട്യമനോഭാവവും മറയ്ക്കുവാനുള്ള ഒരു നല്ല തിരശ്ശീലയും ആണ് അത് എന്ന് അവർ മനസ്സിലാക്കുന്നു. തീർച്ചയായും സ്വയം ഗരിമ കാട്ടി സമൂഹത്തിൽ അംഗീകാരം നേടുവാൻ നിലവിലിരിക്കുന്ന പൊതുബോധം തടസ്സമാകുന്നില്ല എങ്കിൽ ഈ പ്രലോഭനത്തിന് മനുഷ്യൻ വിധേയനാകുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

മനുഷ്യന് വിലയിടുന്നത് വിപണിയും അതിന്റെ സ്വാധീനത്തിൽ പുലരുന്ന ജനവും ഉള്ളിടത്തോളം പൊങ്ങച്ചത്തിനും ആർഭാടത്തിനും തുടർന്നും സാധുതയും അംഗീകാരസാദ്ധ്യതയും നിലനിൽക്കുന്നു. അതിന് തടയിടേണ്ട ആത്മീയനേതൃത്വവും അതിന്റെ പിടിയിലായാൽ മാറ്റത്തിനുള്ള സാദ്ധ്യത താരതമ്യേന കുറവാണ്. നേതാക്കൾ ഗുണഭോക്താക്കൾ ആയതുകൊണ്ട് പരിശുദ്ധന്മാരുടെ പേരിലും സഭയുടെ ഉത്കർഷത്തിന്റെ മേൽവിലാസത്തിലും കോടിക്കണക്കിന് രൂപയുടെ ധനധൂർത്ത് നടത്തപ്പെടുന്നു. എന്നിട്ട് ദീനാനുകമ്പയുടെ പേരിൽ നാടു നീളെ പിരിക്കുകയും പിരിപ്പിക്കുകയും ചെയ്യുന്ന വിലകുറഞ്ഞ മാർഗ്ഗം അവലംബിക്കുന്നു. ഇതിൽ പിശകും അഭിമാനക്ഷതവും കാണാത്തിടത്തോളം കാലം ആത്മീയ രംഗത്തുപോലും മാറ്റം പ്രതീക്ഷിക്കേണ്ടതില്ല. മാറ്റത്തിനുള്ള പ്രേരണ ഉണ്ടാവുകയുമില്ല.

ക്രിസ്തു തന്റെ ശിഷ്യന്മാരെ വചനപ്രഘോഷണത്തിന് അയയ്ക്കുന്നത് എങ്ങനെയെന്ന് സുവിശേഷങ്ങൾ പറയുന്നുണ്ട്. ഭൗതിക തയ്യാറെടുപ്പുകൾ അധികം വേണ്ട എന്നാണ് യേശുവിന്റെ ശാസന. ആ തരത്തിൽ വലിയ ആസൂത്രണം പോലും ആവശ്യമില്ല. ദൈവിക ഇടപെടലിൽ ഉള്ള വിശ്വാസവും മനുഷ്യനന്മയിലുള്ള ബോദ്ധ്യവും വഴിയാണ് അവർ അതിന് സജ്ജമാകുന്നത് എന്നാണ് ഗുരുവിന്റെ ചിന്ത. യേശുവിന്റെ ജീവിതം ലളിതജീവിതത്തിന്റെ മാതൃക ആയിരുന്നു. ഇവ സഭാ പ്രവർത്തനങ്ങൾക്കും നേതൃത്വത്തിനും പ്രേരണ നൽകുവാൻ പര്യാപ്തമാകുന്നില്ല എന്നത് സ്വാഭാവികം. കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്ത്യാനിയായതോടെ സഭയിൽ വന്ന സംസ്കാരമാറ്റത്തിന് സ്വർണ്ണനാവുകാരൻ ഇരയായത് ഇതു തന്നെ സൂചിപ്പിക്കുന്നു. ആഡംബരജീവിതത്തെ വിമർശിക്കാൻ പോയതുകൊണ്ട് സഭാസ്ഥാനത്തുനിന്ന് നിഷ്കാസിതനായി വഴിയാത്രയിൽ അദ്ദേഹത്തിന് അന്ത്യശ്വാസം വലിക്കേണ്ടതായി വന്നു. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

**നുറുങ്ങുവെട്ടം**

**അവർ പറഞ്ഞ ഓർമ്മ...**

*ഉറക്കത്തിൽ ഉണരാതെ പോയവരുടെ ഓർമ്മ മാത്രമല്ല, സ്വയം യാഗമായി തീർന്നവരുടെ ഓർമ്മ കൂടിയാണ് ഈ ദുരന്തം.*

അവർ പറഞ്ഞ ഓർമ്മ.

ഭൂമിയിലെ മണ്ണ് ഒലിച്ചുപോയെങ്കിലും ചില ഓർമ്മകൾ ഒലിച്ചു പോകില്ല.

ഒലിച്ചുപോയ മണ്ണിന്റെ മുകളിൽ ഈ ഓർമ്മ സജീവമാണ്.

മരണമില്ലാത്ത സ്നേഹ സൗഹൃദ ഓർമ്മ.

ചില മനുഷ്യർ ഇങ്ങനെയാണ് അവർ അവരെ മറന്നു ജീവിക്കും. സ്വന്തം ജീവൻ കൈവിട്ട് പോകുന്നത് അവർ തിരിച്ചറിയാറില്ല. അവരെ പരിസരം അവരുടെ ജീവനകാലത്ത് നൽകുന്ന മാർക്ക് തീരെ കുറവായിരിക്കും കാരണം സ്വയം ജീവിക്കാൻ മറന്നുപോകുന്നവന് എന്നും മാർക്ക്, ഓർമ്മ കുറവാണ്.

മനുഷ്യന്റെ ജീവൻ നഷ്ടമാകുന്നതിനിടയിൽ അയാളുടെ ഓട്ടം ചെറുതാണെന്ന് എനിക്ക് തോന്നുന്നില്ല, വല്ലാത്ത വേഗതയാണ്. സ്വയം വേഗതയായി മാറുമ്പോൾ ഒഴുകിവരുന്ന വെള്ളവും പാറക്കെട്ടും അയാൾ കാണില്ല. മനുഷ്യന്റെ ജീവനാണ് അയാളുടെ (പ്രജീഷ്) ഓർമ്മയിൽ.

അയാൾ വീണ്ടെടുത്ത ജീവനുകൾ സുരക്ഷിതസ്ഥാനത്തേക്ക് കൊണ്ടുപോകുന്നതിനിടയിൽ ആ മനുഷ്യർ അയാളെ നോക്കിയ ഒരു നോട്ടമുണ്ട്, മനുഷ്യർ ദൈവത്തെ നോക്കുന്ന നോട്ടം...

ഇനിയും മടങ്ങി വരാമെന്ന് പറഞ്ഞിട്ട് പോയ മനുഷ്യൻ അയാൾക്കുവേണ്ടി കാത്തിരിക്കുന്നതിനിടയിൽ അയാൾ സ്വയം തന്നെ മരണത്തിന് വിട്ടുകൊടുത്തു. സുഹൃത്തുക്കൾ തടഞ്ഞിട്ടും അയാൾ വീണ്ടും രക്ഷിക്കാൻ വേണ്ടി പോയി കാരണം ഒന്നേയുള്ളൂ അയാൾ അയാളെ മറന്നിരുന്നു.

ഉറക്കത്തിൽ ഉണരാതെ പോയവരുടെ ഓർമ്മ മാത്രമല്ല സ്വയം യാഗമായി തീർന്നവരുടെ ഓർമ്മ കൂടിയാണ് ദുരന്തം.

പരിശുദ്ധ കന്യക മറിയം ആ രാത്രിയിൽ ഉറങ്ങിയിട്ടില്ല. മകനെ കുരിശിൽ നിന്ന് ഇറക്കിയ ആ രാത്രി.

*fr. ajeesh*

വേദചിന്ത

# ആഡംബരം രക്ഷയെ തടയുന്നു

ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത

**ലൂ**ക്കോസിന്റെ സുവിശേഷത്തിൽ (ലൂക്കോ. 16:19–31) കർത്താവ് പറയുന്ന ധനവാന്റെയും ലാസറിന്റെയും ഉപമ ശ്രദ്ധാപൂർവ്വം വായിക്കേണ്ട ഒന്നാണ്. അവിടെ ധനവാൻ ഏതെങ്കിലും കുറ്റകൃത്യമോ സഭാവിരുദ്ധ പ്രവൃത്തിയോ ചെയ്തയാളോ സഭാജീവിതത്തോട് നിസ്സഹകരിച്ച് പുറംതിരിഞ്ഞു നിന്ന മനുഷ്യനോ ആയിരുന്നു എന്ന് യാതൊരു സൂചനയും ഇല്ല. കൂടാതെ ന്യായമായും നീതിബോധമുള്ള ഒരു മനുഷ്യൻ ആയിരുന്നു എന്നു വേണം ചിന്തിക്കുവാൻ. അയാൾ ദരിദ്രനെ തന്റെ വീടിന്റെ പടിവാതിൽക്കൽ ഇരിക്കുവാൻ അനുവദിച്ചു. ആ വീട്ടിൽ നിന്നുള്ള ഭക്ഷണ അവശേഷിപ്പ് അയാൾക്ക് ലഭ്യമാക്കിയിരുന്നു. ഇത്രയും സൗകര്യം ഏതു സമ്പന്നന്റെ വീടു പടിക്കൽ ശരീരം മുഴുവനും വൃണം ബാധിച്ച ഒരു മനുഷ്യനു കിട്ടും?

അതേസമയം ലാസർ ആകട്ടേ ഏതെങ്കിലും മതാചാര-അനുഷ്ഠാനങ്ങൾ നിർവ്വഹിച്ചു ജീവിച്ച ഒരു മനുഷ്യനായിരുന്നുവെന്നും സൂചനയില്ല. അയാളുടെ വ്യക്തി-ആത്മീയ ജീവിതത്തെപ്പറ്റി കർത്താവ് ഒന്നും പറയുന്നില്ല. മതശാസനങ്ങളും അനുസരണവും ആണ് മനുഷ്യന്റെ രക്ഷയ്ക്ക് മാനദണ്ഡം എന്നാണല്ലോ ഇന്ന് നാം കേൾക്കുന്നത്! അത് ദരിദ്രൻ അനുവർത്തിച്ചിരുന്നുവെന്നും ഉപമയിൽ ഇല്ല.

എന്താണ് ധനികനായ മനുഷ്യനെ പറ്റി ഉപമയിൽ പറയുന്നത്. അയാൾ ആഡംബരപൂർവ്വമായ വസതിയിൽ കഴിഞ്ഞുകൂടി സമൃദ്ധമായ ഭക്ഷണം കഴിച്ച് ചുവന്ന വസ്ത്രം ധരിച്ച് സുഖമായി ജീവിച്ചു എന്നതാണ്. അതേസമയം ദരിദ്രൻ ഭക്ഷണ-പാർപ്പിട-വസ്ത്ര കാര്യങ്ങളിൽ ഇല്ലായ്മ അനുഭവിച്ചു. സമാന്തരമായി ഇരുവരുടെയും ജീവിതരീതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതായത് ഇരുവരുടെയും ജീവിത അവസ്ഥയും ശൈലിയും ആണ് അവരുടെ മരണാനന്തര അവസ്ഥയ്ക്ക് മാനദണ്ഡവും നിർണ്ണായകവും ആകുന്നത്.

ഈ കാര്യം തന്നെയാണ് അബ്രഹാം പിതാവ് ധനവാനെ ഓർമ്മിപ്പിക്കുന്നതും. നീ ജീവിച്ച കാലത്ത് ചുവന്ന കുപ്പായവും നല്ല ശാപ്പാടും കഴിച്ച് ആഡംബര വസതിയിൽ കഴിഞ്ഞിരുന്നുവല്ലോ. അതുകൊണ്ട് ഇപ്പോൾ ഇങ്ങനെ കഴിയുക (ലുക്കോ. 16:25). ലാസർ ആകട്ടേ ജീവിതത്തിൽ കഷ്ടപ്പെട്ടു കഴിഞ്ഞു. അവൻ ഇവിടെ ആശ്വസിക്കട്ടെ (വാക്യം 26). അതുകൊണ്ടാണ് കർത്താവ് പറയുന്നത്: ദരിദ്രാത്മാക്കൾ ഭാഗ്യം ഉള്ളവർ. അവർക്കുള്ളതാകുന്നു സ്വർഗ്ഗരാജ്യം (മത്താ. 5:3; ലൂക്കോ. 6:20). (ദരിദ്രാത്മാക്കൾ എന്നാൽ ദരിദ്രർ എന്ന അർത്ഥമേയുള്ളൂ . സെമിറ്റിക് ഭാഷയിലെ ഒരു പ്രയോഗരീതി മാത്രമാണത്. അതുകൊണ്ടാണ് ആരാധനയിൽ പട്ടക്കാരൻ നിങ്ങൾക്ക് സമാധാനം എന്നു പറയുമ്പോൾ അങ്ങയുടെ ആത്മാവിനും എന്ന് വിശ്വാസിസമൂഹം പ്രതിവചിക്കുന്നത്.) കർത്താവ് പറയുന്നു: ധനികരേ, നിങ്ങൾക്ക് കഷ്ടം. നിങ്ങൾക്ക് കിട്ടാവുന്നത് കിട്ടിക്കഴിഞ്ഞിരിക്കുന്നു (ലൂക്കോ. 6:27). ദൈവരാജ്യപ്രവേശനത്തിന്റെ മാനദണ്ഡം എന്ത് എന്നത് തിരിച്ചറിയേണ്ടതാണ്. ധനവും ചുവപ്പു കുപ്പായവും ഭക്ഷണ സുഖവും ദൈവാനുഗ്രഹം എന്ന് ചിന്തിക്കുന്നവരെ മാറ്റി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന ഉപമയാണ് ഇത്. തങ്ങളുടെ ഇല്ലായ്മയെ പറ്റി സ്ഥിരം വിലപിക്കുന്നവരുടെ മനോഭാവത്തിനും മാറ്റം വരട്ടെ (ലൂക്കോ. 6:20). അങ്ങനെ ഉള്ളവരെ കാത്തിരിക്കുന്നത് അബ്രഹാമിന്റെ സാന്നിദ്ധ്യമാണ്. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിൽ എളുപ്പം ഒട്ടകം (ആലാത്ത്) സൂചിക്കുഴയിലൂടെ കടക്കുന്നത് എന്ന തിരുവചനവും (മത്താ.19:24) ഇതോട് ചേർന്നു വായിക്കുക. ദരിദ്രനായില്ലെങ്കിലും ജീവിതത്തിൽ മിതത്വം പാലിക്കാൻ കഴിഞ്ഞാൽ അത് സാക്ഷ്യമാണ്. രക്ഷ തടയപ്പെടുകയെങ്കിലും ഇല്ല. ഒപ്പം തന്നെ ആവശ്യത്തിൽ കഴിയുന്നവരുടെ നേരേ കണ്ണ് ഇറുക്കി അടയ്ക്കുന്നതിനും നീതീകരണം ഇല്ല. സമ്പത്ത് പങ്കിടാൻ ഉള്ളതാണ് എന്നതും ഓർക്കുക.


**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha, A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം - 100 രൂ., മൂന്ന് വർഷം - 250 രൂ., ആയുഷ്ക്കാലം (12 വർഷം) - 1000 രൂ.

പ്രതികരണം

# ആവർത്തിക്കുന്ന ദുരന്തങ്ങൾ കണ്ടാലും കൊണ്ടാലും പഠിക്കാത്ത ഭരണകൂടം

ഡോ. എം. പി. മത്തായി

#മുണ്ടക്കൈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, അതിജീവിതരോട് ഐക്യദാർഢ്യം അറിയിച്ചുകൊണ്ടും ആരംഭിക്കട്ടെ#.

പ്രകൃതിദുരന്തങ്ങൾ കേരളത്തിൽ ഒരു പ്രധാന വാർത്തയല്ലാതാവാൻ ഇനി അധികകാലം വേണ്ടിവരില്ല എന്നാണ് അനുമാനിക്കേണ്ടത്. കള്ളക്കടലും മേഘവിസ്ഫോടനങ്ങളും, പ്രളയങ്ങളും, ഉരുൾപൊട്ടലും, മലയിടിച്ചിലും, എല്ലാം അത്രകണ്ട് സർവ്വസാധാരണമായി-ക്കഴിഞ്ഞിരിക്കുന്നു ഇവിടെ. കേരളത്തിലെ എത്രാമത്തെ ദുരന്തമാണ് ചൂരൽ മലയിലും, മുണ്ടക്കൈയിലും സംഭവിച്ചത് എന്ന ചോദ്യത്തിന് കൃത്യമായി മറുപടിനൽകാൻ ആരുടെ കൈവശവും ആധികാരികമായ രേഖകൾ ഒന്നുമില്ല. മന്ത്രിസഭാ ഉപസമിതിയും, അവരെ സഹായിക്കാൻ വലിയ ഉദ്യോഗസ്ഥസംഘവും കൂടി ഇത്രയും ദിവസം വയനാട്ടിൽ പാർത്ത് പരിശ്രമിച്ചിട്ടും ഇത് എഴുതുന്നതുവരെ ജീവഹാനി സംഭവിച്ചവരുടെ പൂർണ്ണ പട്ടിക പോലും പ്രസിദ്ധീകരിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഇതിൽനിന്ന് നമ്മുടെ സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമത എത്രയെന്ന് മനസ്സിലാക്കാമല്ലോ! സംഭവിച്ച മഹാദുരന്തത്തിന്റെ 'കരളുപിളർത്തുന്ന' ദൃശ്യങ്ങൾ കാട്ടി ജനങ്ങളെ തരളിതഹൃദയരാക്കി ദുരന്തത്തിന്റെ യഥാർത്ഥ കാരണങ്ങളിൽ നിന്ന് അവരുടെ ശ്രദ്ധ തിരിച്ചുവിടുന്നതിൽ അധികാരികളും മാധ്യങ്ങളും വിജയിച്ചിട്ടുണ്ട്. എന്നാൽ, അധികാരസീമക്കുപുറത്ത്, ഒരു പ്രദേശത്തെ അപ്പാടെ തച്ചുടച്ച ഉരുൾ പൊട്ടലിന്റെ കരുത്തിനെപ്പോലും വെല്ലുംവിധം മനുഷ്യമനസ്സുകളിൽ അനുകമ്പയുടെ മേഘവിസ്ഫോടനം സംഭവിക്കുന്നതിനാണ് കേരളം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

എന്തുകൊണ്ടാണ് മിക്കവാറും എല്ലാ വർഷവും നമ്മുടെ നാട്ടിൽ അത്യന്തം വിനാശകരമായ ഇത്തരം പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കുന്നത് എന്നതാണ് പരിശോധിക്കപ്പെടേണ്ട അടിസ്ഥാനപരമായ പ്രശ്നം. ദീർഘകാലമായി വിവിധ തലങ്ങളിൽ ചർച്ചചെയ്യപ്പെടുകയും, പരിഹാരനടപടികൾ നിർദ്ദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും, പ്രശ്നം ഇന്നും പരിഹരിക്കപ്പെടാതെ തുടരുകയാണ്. മുഖ്യമായും രണ്ടു ഘടകങ്ങളാണ് പ്രകൃതി ദുരന്തങ്ങൾക്ക് കാരണങ്ങളായി ഉന്നയിക്കപ്പെടുന്നത്. ഒന്ന് പ്രകൃതിയിൽ സംഭവിക്കുന്ന കാലാവസ്ഥാവ്യതിയാനം പോലെ തീവ്രനശീകരണ ശേഷിയുള്ള ഭൗതിക പ്രതിഭാസങ്ങൾ. രണ്ട്, പരിസ്ഥിതിയുടെ സ്വാഭാവിക സന്തുലനം തകർക്കുന്നവിധത്തിൽ മനുഷ്യർ നടത്തുന്ന ഇടപെടലുകൾ. ഇവയിൽ ഏതാണ് മുഖ്യം അഥവാ നിർണ്ണായകം എന്നതിനെ സംബന്ധിച്ചുള്ള തർക്കം പരിഹരിക്കപ്പെടാതെ, മിക്കവാറും അപരിഹാര്യമായി തുടരുകയാണ്. വാസ്തവത്തിൽ അസംബന്ധപരമായ ഒരു വിരോധാഭാസമാണിത്. കാരണം, ഉന്നതവിദ്യാഭ്യാസം നേടിയിട്ടും വസ്തുതകളും, സത്യവും അംഗീകരിക്കാൻ 'വിദ്യാസമ്പന്നർ' തയ്യാറാകാത്തതുകൊണ്ടാണല്ലോ ഇത്തരം തർക്കങ്ങൾ തുടരുന്നത്.

ഈ വിഷയം പരിശോധിക്കുമ്പോൾ ചില അടിസ്ഥാന വിവരങ്ങൾ ഓർമ്മവെയ്ക്കേണ്ടത് ആവശ്യമാണ്. അറബിക്കടലിനു സമാന്തരമായി ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന 1600 കി. മി. നീളവും, 100 കി. മി. വീതിയുമുള്ള പർവ്വത നിരകളാണല്ലോ പശ്ചിമഘട്ടം.ലോകത്തിലെ ഏറ്റവും പ്രധാനമായ പത്ത് ജൈവവൈവിധ്യ കേന്ദ്രങ്ങളിൽ (biodiversity hotspots) ഒന്നാണ് പശ്ചിമഘട്ടം. അത്യന്തം ലോലമാണ് പശ്ചിമഘട്ട മലനിരകളുടെ ഭൗമഘടന എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കേരളത്തിന്റെ മലനാട് ഒന്നടങ്കം പശ്ചിമഘട്ടത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

നമ്മുടെ നാടിന്റെ ഐശ്വര്യ സമൃധിയുടെ മുഖ്യ ഉറവിടം ഈ മലനിരകളാണെന്ന സത്യം ഇപ്പോൾ അവഗണിക്കുകയാണെങ്കിലും, ഒരിക്കൽ നാം അംഗീകരിച്ചിരുന്നതും, പാടിപ്പുകഴ്കിയിട്ടുള്ളതുമാണ്.

ദീർഘകാലം ആദിവാസികളാൽ സംരക്ഷിക്കപ്പെട്ടുപോന്ന ഈ മലനിരകളുടെ വിഭവസമൃദ്ധി പരിഷ്കൃതമനുഷ്യരുടെ കണ്ണിൽപ്പെട്ടതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. വ്യാപകമായ കുടിയേറ്റവും, കൈയേറ്റവും, ഖനനവും, വനനശീകരണവും ഉണ്ടായി. തോട്ടവിള കൃഷി, അണക്കെട്ടുകൾ, ഖനനം,

ടൂറിസം, റെയിൽവേ, റോഡുകൾ, തീർഥാടനം, മണൽവാരൽ, വനം കൊള്ള തുടങ്ങി മനുഷ്യ സാധ്യമായ ഇടപെടലുകളെല്ലാം ഉണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ കന്യാവനങ്ങൾ നിറഞ്ഞിരുന്ന പശ്ചിമഘട്ടത്തിൽ കൂടുതൽ ഭാഗവും തോട്ടങ്ങളാക്കി മാറ്റപ്പെട്ടു. പശ്ചിമഘട്ട മലനിരകളിലെ മനുഷ്യ ഇടപെടലിന്റെ സഞ്ചിതാഘാതം (cumulative impact) ശാസ്ത്രീയമായി ഇതുവരെ വിലയിരുത്തപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. ദേശീയ വനനയ പ്രകാരം പർവ്വതമേഖലകളിൽ 60 ശതമാനം വനമായിരിക്കണം എന്നുണ്ടെങ്കിലും, നിലവിൽ പശ്ചിമഘട്ടത്തിൽ വനത്തിന്റെ വിസ്തൃതി 40 ശതമാനത്തിലും താഴെ മാത്രമേ ഉണ്ടാവൂ എന്നാണ് വന ഗവേഷകർ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഇത്തരത്തിലുള്ള വ്യാപകമായ വനനശീകരണം പ്രകൃതി ദുരന്തങ്ങളെ ക്ഷണിച്ചു വരുത്തുമെന്നത് അനുഭങ്ങളിൽ നിന്ന് നാം പഠിച്ചതാണല്ലോ.

പശ്ചിമഘട്ട മലനിരകളിൽ മനുഷ്യരുടെ അനിയന്ത്രിതമായ ഇടപെടലുകളുടെ ഫലമായും മറ്റും നിരന്തരമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലുള്ള പരിസ്ഥിതി പ്രവർത്തകരുടെ ആവർത്തിച്ചുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് പശ്ചിമഘട്ട മലനിരകളും അനുബന്ധ പ്രദേശങ്ങളും നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനായി 2010 മാർച്ചിൽ, അന്നത്തെ കേന്ദ്രവനം-പരിസ്ഥിതി മന്ത്രിയായിരുന്ന ജയറാം രമേശ് ഗാഡ്ഗിൽ കമ്മിറ്റിയെ നിയോഗിച്ചത്.

പരിസ്ഥിതിസംഘടനകളും ശാസ്ത്ര-സാങ്കേതിക വിദഗ്ധരും മറ്റുമായി നടത്തിയ ചർച്ചകൾക്കും സംവാദങ്ങൾക്കും അഭിപ്രായരൂപീകരത്തിനും ശേഷം 2011 ഓഗസ്റ്റ് 31 ന് ഗാഡ്ഗിൽ സമിതി 522 പേജുള്ള റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചു.

ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് കേരളത്തിൽ പ്രതിഷേധ കൊടുങ്കാറ്റുയർത്തി. എതിർപ്പ് വ്യാപകമായപ്പോൾ ഗാഡ്ഗിൽസമിതി ശുപാർശകൾ വിലയിരുത്തി പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നതിനായിനായി 2012 ഏപ്രിൽ 12 ന് കേന്ദ്ര സർക്കാർ കസ്തൂരിരംഗൻ കമ്മി റ്റിയെ നിയമിച്ചു. 2013 ഏപ്രിൽ 15 ന് ഈ സമിതി അവരുടെ റിപ്പോർട്ട്സമർപ്പിച്ചു. ഈ റിപ്പോർട്ടാകട്ടെ ഗാഡ്ഗിൽ സമിതിയുടെ മുഖ്യ ശുപാർശകളെല്ലാം തന്നെ തള്ളിക്കളയുകയാണുണ്ടായത്.

ഏതാനും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാം. ഗാഡ്ഗിൽ ശുപാർശകളിൽ പ്രമുഖമായത് പശ്ചിമഘട്ട പ്രദേശത്തെയാകെ ഭൂഘടനയുടെ അടിസ്ഥാനത്തിൽ മൂന്നു സോണുകളായി തിരിക്കുന്നു എന്നതാണ്. ഏറ്റവും ദുർബ്ബലമായ പ്രദേശങ്ങളെ സോൺ ഒന്നായി അടയാളപ്പെടുത്തുന്നു. കൊടുമുടികളും, ചെങ്കുത്തായ ചരിവുകളും, നിബിഡവനങ്ങളും, നദികളുടെ ഉത്ഭവസ്ഥാനങ്ങളും മറ്റുമുള്ള അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള, അതേസമയം താങ്ങൽശേഷി-carrying capacity ഏറ്റവും കുറവുള്ള പ്രദേശമാണിത്. ഈ പ്രദേശത്ത് ഖനനം, കൃഷി, മനുഷ്യന്റെ ഇടപെടൽ എന്നിവയൊക്കെ പൂർണ്ണമായും നിരോധിക്കണമെന്നാണ് ശുപാർശ. സോൺ രണ്ടിൽ നിയന്ത്രിതമായ തോതിലും, സോൺ മൂന്നിൽ കുറേക്കൂടി കുറഞ്ഞ നിയന്ത്രണത്തിലും-എന്നാൽ അതാതു പ്രദേശത്തെ പാരിസ്ഥിതി ഘടനയ്ക്ക് അനുസൃതമായും-കൃഷിയും, നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്താമെന്നും നിർദ്ദേശിക്കുന്നു. ഇവയുടെയെല്ലാം നടത്തിപ്പിന്റെ പൂർണ്ണ അധികാരം പ്രാദേശിക ഗ്രാമസഭകളിൽ നിക്ഷിപ്തമാകണം എന്നും റിപ്പോർട്ട് അടിവരയിട്ട് പറയുന്നു. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സാധാരണ കുടിയേറ്റക്കാരുടെ താത്പര്യം ഉറപ്പുവരുത്തുന്ന നിർദ്ദേശമാണിത് എന്ന് വ്യക്തമാണല്ലോ. എന്നാൽ മേൽസൂചിപ്പിച്ച വിധം പരിസ്ഥിതിലോല മേഖലകളെ ഗാഡ്ഗിൽ കമ്മിറ്റി മൂന്നായി വേർതിരിച്ചത് അപ്പാടെ നിരാകരിച്ച് മൊത്തം പ്രദേശത്തെയും ഒറ്റ മേഖലയായി പരിഗണിക്കാനാണ് കസ്തൂരിരംഗൻ സമിതി നിർദ്ദേശിച്ചത്.

ചുരുക്കിപ്പറഞ്ഞാൽ, ഗാഡ്ഗിൽസമിതി റിപ്പോർട്ടിന്റെ അന്തഃസത്തക്കു വിരുദ്ധവും, പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളാത്തതുമായ ഒന്നാണ് കസ്തൂരിരംഗൻ സമിതിയുടെ റിപ്പോർട്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യത്തെ രണ്ട് ദശാബ്ദങ്ങൾ കേരളത്തിൽ ടൂറിസം മേഖലയിൽ വമ്പിച്ച കുതിച്ചുചാട്ടം അടയാളപ്പെടുത്തിയ കാലഘട്ടമായിരുന്നു.

ഈ കാലയളവിൽ പുതിയ സമ്പന്നർ ടൂറിസം മേഖലയിൽ വൻതോതിൽ മൂലധനനിക്ഷേപം നടത്തി. ഫലമോ, സർക്കാർ ഒത്താശയോടെ, പശ്ചിമഘട്ട പ്രദേശങ്ങളിൽ വ്യാപകമായ കയ്യേറ്റങ്ങളും, വൻകിട നിർമ്മാണങ്ങളും നടന്നു. ടൂറിസം പ്രത്സാഹിപ്പിക്കുന്നതിന്റെ മറവിൽ ഒന്നും രണ്ടും വിഭാഗങ്ങളിൽപ്പെടുന്ന പരിസ്ഥിതിലോല മേഖലകളിൽ വൻതോതിൽ റിസോർട്ടുകൾ നിർമ്മിക്കപ്പെട്ടു. അതിനായി ആഴത്തിൽ ഭൂമി ഖനനം ചെയ്യുകയും, പൈലിംഗ് നടത്തുകയും ചെയ്തു. റിസോർട്ടുകളിൽ എത്തിച്ചേരാനുള്ള റോഡുകൾ,

ടൂറിസ്റ്റുകൾക്ക് നീരാടി രസിക്കാനായി റിസോർട്ടുകളോടുചേർന്ന് നീന്തൽക്കുളങ്ങൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കാനായി മലയിടിച്ചുനിരത്തുകയും, തടയണകൾ കെട്ടി അരുവികളുടെ സ്വാഭാവിക ഒഴുക്ക് തടയുകയും ചെയ്തു. നിർമ്മാണത്തിന് ആവശ്യമായ ഉപകരണങ്ങളും, മറ്റ് വസ്തുക്കളും എത്തിക്കുന്ന ടോറസുകളും, ടിപ്പറുകളും മലനിരകളെ പ്രകമ്പനംകൊള്ളിച്ചു.

മലനിരകളിലെ ഏകാന്തതയും അതോടൊപ്പം നഗരങ്ങളിൽ മാത്രം ലഭ്യമായിരുന്ന മികച്ച അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുമെന്നുവന്നതോടെ പശ്ചിമഘട്ടപ്രദേശങ്ങളിലേക്ക് ടൂറിസ്റ്റുകളുടേയും, അവരെ വഹിച്ചുകൊണ്ടുള്ള വാഹനങ്ങളുടെയും നിലക്കാത്ത പ്രവാഹമുണ്ടായി. ഇവ എല്ലാംകൂടി അത്യന്തം പരിസ്ഥിതിലോലമായ പശ്ചിമഘട്ടമലനിരകളെ കൂടുതൽ ദുർബ്ബലമാക്കി. ആ മേഖലയിലെ പല ഇടങ്ങളിലും അപകടസാധ്യത വളരെ വർദ്ധിച്ചു. ഒരു തീപ്പൊരി വീണാൽ ഒന്നാകെ പൊട്ടിത്തെറിക്കുന്ന വെടിമരുന്നുശേഖരം പോലെയായി മാറി അവിടം.

ആവർത്തിക്കുന്ന പ്രകൃതി ദുരന്തങ്ങൾക്കാണ് പിന്നീട് നാം സാക്ഷ്യം വഹിച്ചത്. ദുരന്തങ്ങളുടെ ചില സ്ഥിതിവിവരകണക്കുകൾ കൂടി നമുക്ക് നോക്കാം. 2015 നും 22 നും ഇടയിൽ ഇന്ത്യയിൽ ആകെ ഉണ്ടായ 3782 ഉരുൾപൊട്ടലിൽ 2239 ഉം കേരളത്തിലായിരുന്നു. ഇതാകട്ടെ ആകെയുണ്ടായതിന്റെ 59.2 ശതമാനമാണ് ഒന്നോർക്കുക. ഇന്ത്യയുടെ ആകെ ഭൂവിസ്തൃതിയുടെ 1.18 ശതമാനം മാത്രമുള്ള ഒരു പ്രദേശത്താണ് ഇത് എന്നത് പ്രശ്നത്തിന്റെ ഗൗരവം എത്രകണ്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. 1984 ൽ മുണ്ടക്കൈയിലുണ്ടായ ഉരുൾപൊട്ടലിന്റെ മുതലുള്ള കണക്കുകൾ ഇപ്പോൾ ഉദ്ധരിക്കപ്പെടുന്നുണ്ട്. അടുത്തകാലത്തെ മരണസംഖ്യ ഇപ്രകാരമാണ്:

2019 – 72
2020 – 70
2023 – 78
2024 – 256(?)

നാം നേരിടുന്നത് കടുത്ത വെല്ലുവിളിയാണ് എന്നാണല്ലോ ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തട്ടെ.

പ്രകൃതി ദുരന്ത സാധ്യതകളെപ്പറ്റി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പഠനം നടത്തുന്ന തിരുവനന്തപുരത്തെ ഐ.എസ്.ആർ.ഓ.യുടെ ഭാഗമായ നാഷണൽ റിമോട്ട് സെൻസിങ് സെന്റർ അവരുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത് കേരളം ഇന്ത്യയിലെ ഏറ്റവും ശക്തമായ ഉരുൾപൊട്ടൽ സാധ്യയുള്ള പ്രദേശങ്ങളിൽ-major hotspot for landslide risk പെട്ടതാണ് എന്നാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ഉരുൾപൊട്ടൽ സാധ്യത ഉണ്ടത്രേ. വയനാട്ടിലെ കല്പറ്റ കേന്ദ്രമായി പ്രവർത്തിക്കുന്ന ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആൻഡ് വൈൽഡ് ലൈഫ് ബയോളജി-Hume centre for Ecology and Wildlife Biology-പ്രവർത്തകരും ഈ നിഗമനങ്ങളോട് യോജിക്കുന്നതായി വ്യക്തമാക്കിയിട്ടുണ്ട്.

മുണ്ടക്കൈ, ചൂരൽമല ദുരന്തത്തെ തുടർന്ന് നടന്നുവരുന്ന ചർച്ചകളിൽ ഒരു വിഭാഗം വിദഗ്ധർ 'വാദിക്കുന്നത്' ഈ പ്രദേശങ്ങളിൽ നിർമ്മാണങ്ങൾ വളരെ കുറവായിരുന്നു എന്നും, നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിച്ച ആഘാതമല്ല, മറിച്ച് അവിടെയുണ്ടായ അതിശക്തമായ മേഘവിസ്ഫോടനമാണ് ഇത്രയും രൂക്ഷമായ ദുരന്തം വരുത്തിവെച്ചത് എന്നുമാണ്. എന്നാൽ ഈ അഭിപ്രായത്തോട് വിയോജിച്ചുകൊണ്ട്, മറ്റൊരു കൂട്ടം വിദഗ്ധരും, പരിസ്ഥിതി പ്രവർത്തകരും വാദിക്കുന്നത് മേഘവിസ്ഫോടനം ഒരു ഉത്തേജക ഘടകം-trigger factor- ആണെങ്കിലും മേഘവിസ്ഫോടനത്തോടൊപ്പവും, ഒരുപക്ഷെ അതിലും നിർണ്ണായകമായും കാരണമായ ഘടകം അതിദുർബലമായ ആ പ്രദേശത്തെ നിർമ്മാണങ്ങളാണ് എന്നാണ്.

നമ്മുടെ ശാസ്ത്രജ്ഞന്മാർ പറയുന്നതിൽ പലതും അംഗീകരിച്ചുകൊണ്ട് പറയട്ടെ,

ഭരണകൂടത്തിന്റെയും, രാഷ്ട്രീയ പാർട്ടികളുടെയും, സംഘടിത മത സാമുദായിക പ്രസ്ഥാനങ്ങളുടെയും സംരക്ഷണത്തിൽ ഉപജീവനത്തിനുവേണ്ടി കുടിയേറ്റം നടത്തേണ്ടി വരുന്ന നിരപരാധികളായ മനുഷ്യരെ കവചമാക്കി, കച്ചവടമനസ്ഥിതിക്കാരായ സ്ഥാപിത താല്പര്യക്കാർ പശ്ചിമഘട്ടത്തിലെ അതിദുർബ്ബല പ്രദേശങ്ങളിൽ നടത്തിവരുന്ന അതിക്രമങ്ങളാണ് അതിഭീകരമായ ഈ ദുരന്തത്തിലേക്ക് നയിച്ച യഥാർത്ഥ കാരണം.

കേരളത്തിലെ രാഷ്ട്രീയ-ഭരണ-മത-സമുദായ നേതൃത്വമോ, പൊതുസമൂഹമോ ഇത് അംഗീകരിക്കാനിടയില്ല. നവോത്ഥാനം കൈവരിച്ചു എന്നും, ഉയർന്ന രാഷ്ട്രീയ ബോധമുണ്ടെന്നും അവകാശപ്പെടുന്ന കേരളം ഒരു ദുരന്തത്തിൽ നിന്നും ഒന്നും പഠിക്കുകയുമില്ല, തിരുത്തുകയുമില്ല എന്നതാണ് ചരിത്രം കാട്ടിത്തരുന്ന സത്യം.

മുമ്പുണ്ടായ പല ദുരന്തകാലത്തും അരങ്ങേറിയ കെട്ടുകാഴ്ചകളുടെ തനിയാവർത്തനം ഇവിടെയും തുടരുന്നതിനാണ്, നിർഭാഗ്യവശാൽ, നാം സാക്ഷ്യംവഹിക്കുന്നത്.

*ലേഖനം*

# സഭാ ദർശനം: പഴയനിയമത്തിൽ

**ഫാ. ഏലിയാസ് കെ. വി.**

*കഴിഞ്ഞ ലക്കം തുടർച്ച...*

**3. ആംഫിക്ടിയോണിക് സമൂഹം**

ഈ പദം വേദപുസ്തകത്തിലുള്ളതല്ല. ആധുനിക വേദപഠിതാക്കൾ സാമൂഹിക വിശകലനശാസ്ത്രത്തിൽ നിന്ന് കടമെടുത്തതാണ്. 'ആംഫിക്ടിയോണി' എന്ന യവനപദത്തിന് ഏതോ ഒരു കേന്ദ്രത്തെ ചുറ്റി അടുത്തു വസിക്കുന്നവർ എന്നാണർത്ഥം. ചുറ്റുവട്ടത്ത് താമസിക്കുന്ന 'അംഗങ്ങൾ' തമ്മിലുള്ള ബന്ധത്തേക്കാൾ അംഗങ്ങൾക്ക് കേന്ദ്രവുമായുള്ള ബന്ധത്തിനാണ് ഇവിടെ ഊന്നൽ കൊടുക്കുന്നത്. മിക്കവാറും കേന്ദ്രമായി വരുന്നത് ഒരു ആരാധനാസ്ഥലമായിരിക്കും. ആംഫിക്ടിയോണി എന്നത് പല ഗോത്രങ്ങൾ ചേർന്നുള്ള ഒരു ആരാധനാ സമൂഹമാണെന്നു പറയാം. ഒരു പൊതു ശത്രുവിനെതിരെയുള്ള കൂടിവരവാണ് ഈ സാമൂഹ്യവൽക്കരണത്തിന്റെ ലക്ഷ്യം എന്നുവേണമെങ്കിൽ പറയാം. പിൽക്കാലത്ത് ഈ സമൂഹം ഒരു പൊതു ആരാധനാസ്ഥലത്തെ കേന്ദ്രമാക്കുന്നു. പുരാതന സംസ്കാരങ്ങളിലെല്ലാം തന്നെ ഇത്തരം സമൂഹങ്ങളുണ്ടായിരുന്നതിന് തെളിവുകളുണ്ട്. ഇങ്ങനെ രൂപീകൃതമാകുന്ന സമൂഹത്തിന്റെ ഘടകങ്ങൾക്ക് പൊതുവായ പൈതൃകം ഉണ്ടാകാം. അവർ തമ്മിൽ അടുത്ത സഹവാസമുള്ളവരുമാകാം. മതാധികാരത്തോടുകൂടിയ ഒരു സമിതിക്കാകും ഇതിന്റെ നിയന്ത്രണം, യുദ്ധങ്ങൾക്കുള്ള നിയമങ്ങൾ ഉണ്ടാക്കുന്നതും, കുറ്റവാളികളെ ശിക്ഷിക്കുന്നതും ഈ സമിതിയായിരിക്കും. ഇങ്ങനെ രൂപീകൃതമാകുന്ന സമൂഹത്തിന് ചില സംഖ്യകൾ പ്രധാനമാണ്. 12 എന്ന സംഖ്യയ്ക്ക് വളരെ പ്രാധാന്യമുണ്ട്. യിസ്രായേലിനെ പന്ത്രണ്ടു ഗോത്രങ്ങളുടെ സമൂഹമായാണല്ലോ വേദപുസ്തകം അവതരിപ്പിക്കുന്നത് (ഉല്പ. 29:16-30.24, 35:16-20). യാക്കോബിന്റെ/യിസ്രായേലിന്റെ പന്ത്രണ്ടു മക്കളിലൂടെ ഈ സമൂഹത്തിന്റെ തുടക്കം കുറിക്കുന്നു. തുടർന്ന് ലേവ്യരെ ഈ ഗണത്തിൽ നിന്നു നീക്കിക്കഴിയുമ്പോൾ, 12 എന്ന സംഖ്യയ്ക്ക് കുറവുവരാതിരിക്കുവാൻ യോസേഫിന്റെ മക്കളായ മനശ്ശെ, എഫ്രയീം എന്നിവരെ ഗോത്രഗണത്തിൽപ്പെടുത്തുന്നു (ഇവിടെ ലേവി, യോസേഫ് എന്നീ പേരുകൾ മാറി, മറ്റു പത്തു ഗോത്രങ്ങൾക്കൊപ്പം മനശ്ശെ, എഫ്രയീം എന്നിവരെച്ചേർത്ത് 12 തികയ്ക്കുന്നു). ഈ സമൂഹത്തിന്റെ ഭാഗമാകുന്ന ഒരു ഗോത്രം ഒരിക്കലും മറ്റു ഗോത്രങ്ങളുടെ അവകാശത്തെ ഹനിക്കുകയോ, അന്യോന്യം ഉപദ്രവിക്കുകയോ ചെയ്യില്ല. കേന്ദ്രമായൊരു ആരാധനായിടം അവർക്കുണ്ടാകും, അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്തം സകല ഗോത്രങ്ങളുടേതുമാണ്. ആരാധനാനുഷ്ഠാനങ്ങൾ സംബന്ധിച്ച് പ്രമാണങ്ങൾ രൂപീകരിക്കുന്നതും, നടപ്പിലാക്കുന്നതും, തെറ്റുകാരെ ശിക്ഷിക്കുന്നതും ഗോത്രങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട മൂപ്പന്മാരുടെ സമിതിയായിരിക്കും. വിശുദ്ധയുദ്ധങ്ങൾ ഇതിന്റെ ഭാഗമാണ്. എന്നാൽ ഈ സമൂഹത്തിലെ ഘടക ഗോത്രങ്ങൾ തമ്മിലുള്ള ബന്ധം അത്ര ദൃഢമല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് വല്ലപ്പോഴുമെങ്കിലും ഗോത്രങ്ങൾ തമ്മിലുള്ള മത്സരങ്ങൾ ഉണ്ടാകുന്നത് വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്.

ആംഫിക്ടിയോണി സമൂഹത്തിന്റെ പ്രത്യേകതകൾ എല്ലാം തന്നെ യിസ്രായേലിന്റെ രൂപീകരണത്തിൽ വ്യക്തമാണ്. ക്രി. മു. 13 മുതൽ 6 വരെ നൂറ്റാണ്ടുകൾക്കിടയിൽ കനാനിൽ അധിവസിച്ച പന്ത്രണ്ടു ഗോത്രങ്ങളുടെ കൂട്ടമാണ് യിസ്രായേൽ. അത് ഒരു രാജ്യമല്ല, ഒരു ജനതയാണ്. ഭാഷാ, സംസ്കാരം, ദേശം (അവകാശദേശം) എന്നിവയിൽ ഏകീകൃതമായ ഒരു സമൂഹം. യഹോവയുമായുള്ള ഉടമ്പടിയാണ് ഇവരുടെ ഐക്യത്തിനടിസ്ഥാനം. ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്ന് മനസ്സിലാകുന്നത് പ്രതിസന്ധി വരുമ്പോൾ, ഉടമ്പടിയുടെ ഉടയവനായ ദൈവം ഒരു രക്ഷകനെ ഉദിപ്പിക്കുമെന്നാണ്. അതായത് ഈ സമൂഹത്തിൽ വാസത്തിന് അവകാശദേശമുണ്ടെങ്കിലും ഒരു രാജ്യമെന്ന വിധത്തിലുള്ള കെട്ടുപാടുകളോ, സൈന്യമോ, തലസ്ഥാനമോ ഉണ്ടായിരുന്നില്ല. ഗോത്രങ്ങൾക്ക് സ്വാതന്ത്ര്യമുള്ള, എന്നാൽ ഉടമ്പടിയടിസ്ഥാനത്തിൽ യഹോവയെ കേന്ദ്രമാക്കി നിലനിൽക്കുന്ന ഒരു സമൂഹമാണ് പഴയമിയമ യിസ്രായേൽ. ഈ ദൈവസാന്നിധ്യത്തിന്റെ പ്രതീകമായി അവരോടൊപ്പമുണ്ടായിരുന്നത് നിയമ/സാക്ഷ്യപേടകമാണ്. 'മന്നാ ഇട്ടുവച്ച ചെപ്പും, അഹരോന്റെ തളിർത്തവടിയും നിയമത്തിന്റെ കല്പലകകളും ഉൾക്കൊള്ളുന്ന ഈ പേടകം മരുഭൂമിയിൽ പാളയമിറങ്ങിയപ്പോൾ 'സമാഗമനകൂടാരത്തിൽ' സൂക്ഷിച്ചു. കനാനിൽ വാസമായപ്പോൾ ശീലോവും, ഗിൽഗാലും, രാമയും എല്ലാം ആരാധനാകേന്ദ്രമായി പരാമർശിക്കപ്പെടുന്നുണ്ട്. ദാവീദ് യരുശലേം സ്വന്തമാക്കിയ ശേഷമാണ് മതകേന്ദ്രസൂചനയായ സാക്ഷ്യപേടകം യരുശലേമിൽ കൊണ്ടുവന്നതും അത് യിസ്രായേലിന്റെ ആരാധനാകേന്ദ്രമായതും. ഒരു പുതിയ സമൂഹമായി യിസ്രായേൽ മാറുന്നത് സാവധാനമായ

നീക്കത്തിലൂടെയാണ്. സീനായ് മലയിൽ ദൈവവും മോശെയുമായി ഉണ്ടാക്കിയ ഉടമ്പടിയിലൂടെ ഇതിന് നല്ല തുടക്കമായി. യിസ്രായേൽ ആംഫിക്ടിയോണിക് സമൂഹമായി രൂപപ്പെട്ടു വളർന്നു. ഒടുവിൽ ദാവീദിന്റെ കാലത്ത് യരുശലേമിലെ ദൈവാലയം കേന്ദ്രമാക്കിയുള്ള ഒരു ദേശരാഷ്ട്രമായി രൂപാന്തരപ്പെട്ടു.

**4. ദൈവജനം**

യിസ്രായേൽ ജനത്തെ സൂചിപ്പിക്കുന്നതിന് പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ള ഒരു വാക്കാണ് 'ദൈവജനം'. ദൈവവും യിസ്രായേൽ ജനവുമായുള്ള അതുല്യമായ ബന്ധത്തെയാണ് ഇതു വ്യക്തമാക്കുന്നത് (സംഖ്യ. 11:29, 16:41, ന്യായാ. 5:11, 13, 1 ശമു. 2:24, 2 ശമൂ. 6:21, 2 രാജാ. 9:6, സെഫ. 2:10). ഒരു ഉടമ്പടി ബന്ധത്തിലൂടെ യാഗാർപ്പണത്തിനും ആരാധനയ്ക്കുമായി ദൈവത്തോടു ചേർക്കപ്പെട്ട ഒരു ജനം എന്നാണീബന്ധത്തിന്റെ അർത്ഥം. "ഞാൻ നിങ്ങളെ എനിക്കു ജനമാക്കിക്കൊൾകയും ഞാൻ നിങ്ങൾക്കു ദൈവമായിരിക്കയും ചെയ്യും" (പുറ. 6:7) എന്നതാണ് ഈ ഉടമ്പടിയുടെ വാക്യം. നേരിയ വാക്യഘടനഭേദഗതിയോടെ ഈവാക്യം പഴയനിയമത്തിൽ ഉടനീളം നമുക്ക് വായിക്കാം (ഉദാ. ലേവ്യ. 26:9-14, യിരെ. 7:23, 30:22, 32:37-40, യെഹെ. 11:19-20, 36:22, 28, പുറ. 19:5 മു.)

ഈ ബന്ധത്തിന് മുൻകൈ എടുക്കുന്നത് യഹോവയാം ദൈവം തന്നെയെന്ന് പരാമർശിത വേദഭാഗങ്ങളിൽ നിന്ന് വ്യക്തമാണ്. ഉടമ്പടി പ്രകാരം ദൈവവും യിസ്രായേൽ ജനവുമായുള്ള ബന്ധത്തെ പഴയനിയമ എഴുത്തുകാർ വ്യത്യസ്ത വാക്കുകളിലൂടെ സൂചിപ്പിക്കുന്നു. യിസ്രായേൽ യഹോവയുടെ സ്വത്താണ്. അവകാശമാണ്, സമ്പത്താണ് (പുറ. 19:5, ആവർ. 4:20, 7:6, മലാ. 3:17), യഹോവയുടെ ദാസനാണ് (സങ്കീ. 135:14, യെശ. 48:20), യഹോവയുടെ പുത്രനാണ് (പുറ. 4:22-23, ഹോശേ. 11:1), അവന്റെ ആടുകളാണ് (സങ്കീ. 95:7), വിശുദ്ധജനമാണ് (ആവ. 14:2, 28:9, യെശ. 62:12).

'ആം അദോണായ്' (യഹോവയുടെ ജനം/ദൈവജനം) എന്ന വാക്കിന്റെ/ആശയത്തിന്റെ ഉത്ഭവം ഒരുപക്ഷേ, യിസ്രായേലിൽ രാജഭരണം തുടങ്ങും മുമ്പ് ഗോത്രങ്ങളുടെ ഉടമ്പടി സഖ്യകാലത്തെ വിശുദ്ധയുദ്ധത്തിന്റെ പശ്ചാത്തലത്തിലാകാം. ശത്രുപീഢ ഏറിവരുമ്പോൾ യഹോവ യുദ്ധം ചെയ്തു തങ്ങളെ ശത്രുക്കളിൽ നിന്നു വീണ്ടുകൊള്ളുമെന്നുള്ള ഒരു വിശ്വാസം ജനത്തിനുണ്ടായിരുന്നു. ഇത് യിസ്രായേൽ ജനവും ദൈവമായ യഹോവയുമായുള്ള ഒരു വിശിഷ്ട ബന്ധമായിരുന്നു. എബ്രായന്റെ വിശ്വാസ പ്രഖ്യപനത്തിലും (Deuteronomic Code ആവ. 26:5-9) ശേഖേമിൽ വച്ച് യോശുവ ഉടമ്പടി പുതുക്കുന്നതിലും (യോശു. 24:2-13) ഈ സവിശേഷബന്ധം സുവ്യക്തമാണ്. ഇവിടെ ഉടമ്പടി വാഗ്ദാനപൂർത്തീകരണമാണ്, ഒപ്പം ജനത്തിന്റെ ഉത്തരവാദിത്തവുമാണ്. അഥവാ, യിസ്രായേൽ 'ദൈവജനം' എന്ന പദവിക്കർഹമാകുന്നത് ചില വ്യവസ്ഥകൾക്കു വിധേയമായിട്ടാണ്. വ്യവസ്ഥകൾ ജനം ലംഘിച്ചാൽ ജനം ശിക്ഷാവിധിക്ക് വിധേയമാകും. എങ്കിലും ദൈവം തന്റെ ഉടമ്പടിയിൽ വിശ്വസ്തനാണ് (ആവർ 4:31). മറ്റൊരുവിധത്തിൽ പറഞ്ഞാൽ ജനത്തിന്റെ യോഗ്യതയല്ല അവരെ ദൈവത്തിന്റെ അവകാശമായി നിലനിർത്തുന്നത്, പ്രത്യുത ദൈവത്തിന്റെ ഉടമ്പടിയോടുള്ള വിശ്വസ്തതയാണ്. തെറ്റിപ്പോകുവാനുള്ള സാധ്യത എപ്പോഴും യിസ്രയേലിന്റെ ഭാഗത്തുണ്ട്. അങ്ങനെ ദൈവബന്ധത്തിൽനിന്ന് അന്യപ്പെട്ടാൽ ദൈവജനമെന്ന പദവി നഷ്ടപ്പെടുത്തിയാൽ, മടങ്ങിവരുവാനുള്ള സാധ്യതയും പഴയനിയമം പറയുന്നുണ്ട്. മാനസാന്തരം, അനുതാപം, ദൈവകൃപ എന്നിവയിലൂടെ ഉടമ്പടി ബന്ധത്തിലേയ്ക്ക്, ദൈവജനം എന്ന പദവിയിലേക്കു തിരിച്ചെത്താം. അതിനെ 'വീണ്ടെടുപ്പ്' എന്നപദം കൊണ്ട് സൂചിപ്പിക്കാം. മനുഷ്യന്റെ യോഗ്യതയല്ല, ദൈവകൃപയാണിതിനടിസ്ഥാനം.

**ഉപസംഹാരം**

'സഭ' പഴയനിയമത്തിൽ ഇല്ല. ആധുനിക കാലത്തെ സഭയുടെ നിഴലെന്നോണം പരാമർശിക്കപ്പെടുന്ന യിസ്രായേലിനെയും യിസ്രായേലും ദൈവമായ യഹോവയുമായുള്ള ബന്ധത്തേയും സൂചിപ്പിക്കുന്ന ചില പദങ്ങളും അവയുടെ പഠനവുമാണ് നടത്തിയത്. ഇവിടെ പരാമർശിതമായത് ചില ബന്ധങ്ങളാണ്. വാഗ്ദാനം, ഉടമ്പടി എന്നിവയിലടിസ്ഥാനപ്പെട്ട ബന്ധങ്ങളുടെ പ്രത്യേകതകൾ സൂചിപ്പിക്കുന്ന പദങ്ങളാണ് 'ഖാഹാൽ'. ഏദാഹ്, ആംഫിക്ടിയോണിക് സമൂഹം, ദൈവജനം എന്നിവ. എല്ലാം ദൈവ-മനുഷ്യബന്ധത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. അവിടെ നിന്ന് ഈ ബന്ധങ്ങളെ സൃഷ്ടികളിലേയ്ക്ക് സന്നിവേശിപ്പിക്കുക. ഈ വിശകലനത്തിൽ നിന്ന് ഇന്നത്തെ സഭയ്ക്ക്, സഭാവിജ്ഞാനീയത്തിന് ചില ഉൾക്കാഴ്ചകൾ ലഭിക്കും. സഭ ദൈവത്തിന്റേതാണ്. ദൈവം വിളിച്ചുചേർക്കുന്നതാണ്. ചില പ്രത്യേക ഉത്തരവാദിത്തം വിളിക്കപ്പെട്ടവർക്കുണ്ട്. ഇത് ഒരു ആരാധനാ സമൂഹമാണ്. മനുഷ്യന്റെ പ്രാപ്തിയോ യോഗ്യതയോ അല്ല ഒരുവനെ 'സഭ'യുടെ ഭാഗമാക്കുന്നത്. ദൈവത്തിന്റെ കരുണയും വിശ്വസ്തതയുമാണ്. അനുതാപം, മാനസാന്തരം എന്നിവയിലൂടെ തെറ്റിപ്പോയവർക്ക് ഈ സവിശേഷ ബന്ധത്തിലേയ്ക്കു മടങ്ങിവരാം. ആരാധനാകേന്ദ്രിതമായ ദൈവ-മനുഷ്യബന്ധത്തെ സഹസൃഷ്ടികളോടുള്ള ബന്ധത്തിലേയ്ക്ക് സംവേദിക്കുമ്പോഴാണ് വിശ്വാസ പ്രഖ്യാപനം വാസ്തവികമാകുന്നത്.

# Bold and Humble: Witnessing to Christ Today
# Some Perspectives on the Tasks of Theology

**Fr. Dr. K. M. George**

It is more than customary to remember the Serampore Trio- Carey, Marshman and Ward-who initiated the Indian Renaissance in Bengal in the early part of the 19th century. We may better use the expression The Serampore Quartet, the group of four, rather than the Trio if we duly recognise the active collaboration of Sarah Marshman, the 'first European woman missionary in India'. Sarah Marshman and the other women who soon joined her were not simply "wives of missionaries"2, but played substantial roles on their own in accomplishing the mission. Commemoration of these men and women is more than a 'hagiographical' remembrance. It is an act of Thanksgiving, and a future-oriented recapitulation of the legacy of those who sacrificed their lives for the welfare of all, for the future of humanity. In a liturgical sense it is Anamnesis, the Great Remembrance. It is not simply a psychological recollection of the past, but of gathering together in a holistic vision the past, present and future of our Christian witness and commitment. The whole economy of the incarnation of God in Jesus Christ and the work of the Holy Spirit who perfects the creation to its transfigured destiny form the backdrop of our commemoration of the Serampore missionaries today.

The celebrated work of the Serampore missionaries was mainly in education. Their proposal in 1818 was for a " College for the instruction of Asiatic, Christian and other youth in Eastern literature and European science''. The founding of the Serampore college as well as allied educational, linguistic and literary activities schools boarding homes education for girls, and translation of the Bible and literature.

It is almost at the same period that British missionary started in Kerala. All that we can say about the vision and the deep commitment of the Serampore missionaries can be said about the first generation of British missionaries in Kerala as well.

The difference is that the latter made an attempt to collaborate with the already existing ancient indigenous Malankara Church in Kerala under the banner of the "Mission of Help". (Of course, there was no pre-missionary Christian Church in Bengal for the Serampore missionaries to work with). A major outcome of the joint efforts of the Malankara Church, the British and the Kingdom of Travancore was the "Cottayam College" or "Syrian College", later known as the "Old Seminary", and eventually the Orthodox theological Seminary, founded in 1815.

The 'sweet-sour' relationship between the ancient Eastern Church of India and the British missionaries broke apart in some 15 years after the founding of the Seminary. Its failure provides a very interesting field of critical study if approached from post-colonial, cultural, ecclesiological and theological-liturgical angles of the ancient Indian Church and not simply from the Western colonial- missionary perspective.

In any case the great initiative taken by the missionaries to uplift the inhumanly oppressed and exploited Dalit populations and to provide education to the girls and boys alike brought a certain degree of human dignity to all those who were terribly deprived of it. The movement anticipated and facilitated the great social change in post- independence India. It also opened the eyes of the highly caste-minded ancient Church in Kerala to some of the gospel values like justice and equality it had ignored, and it helped them start socially caring programmes, and public educational and medical services for the people.

More than 200 years have elapsed since the British missionaries began their work in Bengal and Kerala. The western imperial-colonial-missionary paradigm has now vanished though some of our Indian churches still seem to retain vestiges of that age. We are now encountering an India that is completely different from that of the colonial period. The difference is so radical that even calling our venerable motherland India rather than Bharath might soon be considered a heretical and politically incorrect utterance.

Let me very briefly point out a few areas which would require our attention in relation to our Christian vision, theological education and ministerial formation in India. (For brevity's sake I am leaving out the self-evident pastoral dimensions of theological education.

**I. The Enlightened horizon.**

The British missionaries who came from the context of European enlightenment and imperial Christianity naturally opened a new horizon of enlightenment through educational initiatives in India. What we call 'modern India' is, to a large extent, the outcome of European enlightenment. We made use of modern scientific methodology and its concomitant technology for remarkable accomplishments including the recent Chandrayan mission of ISRO.

But the assumptions of that

western civilizational- missionary enterprise like the claim of cultural-racial-religious superiority and the boastful European condescension to the Indians had been questioned from the very beginning by sensitive Indians like Ram Mohan Roy. A few decades ago Bishop Paulos Mar Gregorios challenged the European Enlightenment, particularly its ratio sola (reason alone) principle and its idea of secularism in two of his seminal books. He proposed for our nation-builders the paradigm of the Indian/Asian Buddhist Enlightenment that embraces both rationality and transcendence.3 (Enlightenment East and West, and A Light too Bright). This line of thought opens a new channel for us to engage in a critical dialogue with western scientific secularism as well as to face the spectre of a virulent 'cultural nationalism'.

**II The Paradox of expansion and constriction**

Contemporary Science and technology opens up amazing dimensions of our macro and micro universe. For example, the exploration, on the one hand of space and the detection of hitherto unknown galaxies and blackholes by James Web Space Telescope (JWST), and, on the other hand, the unveiling of the "Atto second" of time (a billionth of a billionth of one second) to study the electron dynamism in human body cells by this year's (2023) Nobel laureates in Physics. While we open up to new dimensions of spacetime in an ever accelerating inflationary universe, we are simultaneously choked by social, cultural and geopolitical constrictions promoted by political ideologies and religious fundamentalism. Religious-communal conflicts, racial hostilities, genocides, border confrontations, and brutal wars now being staged are all contemporary examples of this constriction. Sadly it is our own human creation.

**III. Story and history, myth and logos**

We have come to an era in India where the borders of story and history, myth and logos are deliberately being blurred. In our "post-truth era", our usual notions of fact, interpretation, and wishful thinking are mixed up through deliberate political manoeuvring. We need to remind ourselves that the borders between fact and fiction have been established as the result of laborious intellectual and academic struggles over several centuries. An absolute distinction between story and history has its own problems. In several languages of the world there is only one word to represent both story and history. It engenders historiographical issues. Therefore one has to be cautious and critical. Whether we like it or not, what we call 'modernity' assumes these strict borders, and some of the religiously-driven modern states enter into conflict with the modern scientific notion of the distinction between fact and fiction. Therefore, we need to initiate a substantial theological debate on the connection between mythos and logos, since the Judeo- Christian understanding of God and created reality begins with the biblical myth of the creation of the universe and of rational human beings. Striking the right balance and finding the true interconnections between myth and reason (logos or ratio), between great insights enshrined in ancient stories and Ithihasas and the contemporary working out of those insights through science and technology could be an important task for theology today.

**IV. From exploitation to reverence**

One of the major consequences of the Enlightenment in Europe was the shift from pagan reverence for nature to nature's ruthless exploitation. Theologians took the lead in this shift in medieval Europe followed by pioneers of modern science like Francis Bacon and Rene Descartes. Only by desacralizing nature could they promote the empirical scientific method. Karen Armstrong, after writing on all major religions and founders of religion, produced her recent work Sacred Nature that critically reviews the various approaches to nature. She is particularly harsh on her own western theological and scientific tradition. Referring to the so called biblical and then scientific drive to control and subdue the earth she says: "Nature was no longer a theophany, a revelation of the divine; it was a commodity that must be exploited."5 Now many people in the West want to re-experience nature's enchantment after centuries of rational disenchantment with God's natural creation. Indian intelligentsia needs to be liberated from the cluthes of the anti-nature European Enlightnment. Indian theology need not look to the West for wisdom in ecological concerns, but can find an amazing wealth of resources in Dalit, Adivasi, Hindu, Buddhist, and Jain traditions.

**V The interdisciplinary vocation of theology**

Unlike in the medieval European universities where theology was the "Queen of sciences" it is either banished or relegated to an insignificant place in the academia In our secularised word. Therefore, we need to seek a proper role for theology in connecting various streams of human knowledge in a holistic manner in order to discern the meaning and direction of knowledge itself. That means we would need a breadth of vision and intelligence, and a sense of the totality of God's creation. Since theology has a vision of the ultimate communion between God and the created reality on the basis of the incarnation of God in Jesus of Nazareth, we may envisage the convergence of various systems of knowledge working together for the good of humanity and the redemption of the world. Our secular universities desperately need this confluence and directionality of knowledge.

ശേഷം 14-ാം പേജിൽ

# നിരസിക്കപ്പെട്ടേക്കാം, എന്നാൽ നിരാശ വേണ്ട

## വി. മർക്കോസ് 6:7 – 13

ഫാ. സിബി മാത്യു വർഗീസ്

**പി**തൃനഗരത്തിൽ നിരാകരിക്കപ്പെട്ടു അപമാനിതനായ യേശു. അവരുടെ അവിശ്വാസം നിമിത്തമായി യേശു നിരാശനാകുന്നതും അസ്വസ്ഥനാകുന്നതും കാണാം. നമുക്കാണ് ഇങ്ങനെയൊരു അനുഭവം ഉണ്ടാകുന്നതെങ്കിൽ ചുറ്റുമുള്ള മനുഷ്യരെ മുഴുവനും ആ നിരാശാവലയത്തിലേക്കു നമ്മൾ ക്ഷണിക്കും. എപ്പോളും നെഗറ്റീവ് അടിക്കുന്ന ആളുകൾ. പക്ഷേ യേശുവിനെ ഒന്നു ശ്രദ്ധിക്കൂ. താൻ ഇത്രയധികം അസ്വസ്ഥനായിരുന്നിട്ടും തന്റെ ശിഷ്യന്മാരെ ശുശ്രൂഷയിൽ പ്രോത്സാഹിപ്പിക്കുന്ന (empowering and encouraging) ഗുരു. സൗഖ്യം നൽകുന്ന, വിശപ്പിന് ആഹാരം നൽകുന്ന, മരിച്ചവരെപ്പോലും ഉയർപ്പിക്കുന്ന, എല്ലാത്തിലുമുപരി ഇത്രയൊക്കെ തങ്ങൾ ആരാധിക്കുന്ന ഗുരുവിനു തന്റെ ജന്മനാട്ടിൽ ഇതാണ് അവസ്ഥയെങ്കിൽ നമുക്ക് ഒരു പ്രതീക്ഷയും വേണ്ടല്ലോയെന്നു ശിഷ്യന്മാർ ചിന്തിക്കുന്ന അതേ നാഴികയിൽ, കർത്താവ് അവരെ ശുശ്രൂഷയ്ക്കായി സജ്ജമാക്കുകയാണ്.

'He began to send...' 'അവൻ അവരെ അയക്കുവാൻ തുടങ്ങി' എന്നാണ് വായിക്കുന്നത്. മൂലഭാഷയിലെ പ്രയോഗം പഠിക്കുമ്പോൾ മനസ്സിലാകുന്നത്, ഗുരു എന്നെന്നേക്കുമായോ അല്ലെങ്കിൽ ഈയൊരു തവണത്തേക്ക് മാത്രമോ അല്ലാ അവരെ അയക്കുന്നത്. ഇടയ്ക്ക് ഇങ്ങനെ അവരെ അയക്കുന്ന പരിപാടി ഉണ്ടായിരുന്നു എന്നാണ്. വെറുതെ കൂടെ കൊണ്ടുനടന്നു അണ്ടിപരിപ്പ് തീറ്റിക്കുകയോ, അരമനവാസത്തിലൂടെ സകല അടവും അഭ്യാസവും പഠിപ്പിക്കുകയോ ചെയ്യുന്ന പ്രീ സെമിനാരി പരിപാടിയല്ല, ഇടയ്ക്കിടെ ലോകം ചുറ്റാൻ വിടുമായിരുന്നെന്നു. വെറുതെയല്ല, നിയോഗബോധ്യങ്ങളോടെ ശുശ്രൂഷ ചെയ്യാൻ. ഏതാണ്ടൊരു പ്രൊബേഷൻ (probation) പരിപാടിയായിരുന്നു.

ക്രിസ്തു തന്റെ ശുശ്രൂഷ പങ്കുവെയ്ക്കുകയാണ്. പോകുമ്പോൾ ഈരണ്ടായി പോകാൻ പറയുന്നതും ശ്രദ്ധേയമാണ്, പ്രത്യേകിച്ച് സൗഹൃദ ദിനമായി (Friendship day) ആചരിക്കുന്ന ഇന്നു. രണ്ടുപേർ ഒരുമിച്ചു, ഒരാൾക്ക് മറ്റൊരാൾ 'കൂട്ടായി' പോകണം. എങ്ങനെ പോകണം, എന്തായിരിക്കണം ഈ യാത്രയിൽ ശിഷ്യന്റെ മനോഭാവം, ഇതെല്ലാം ഗുരു പഠിപ്പിക്കുകയാണ്. ഒന്നുമാത്രമാണ് നൽകുന്നത്, അശുദ്ധാത്മാവിനെ പുറത്താക്കുവാനുള്ള അധികാരം (authority). പോകുന്നവഴിയിൽ അഭിമുഖീകരിക്കേണ്ടി വരാൻ സാധ്യതയുള്ള ദുഷ്ടശക്തികളെ നിലക്കുനിർത്താനുള്ള അധികാരം. ഇവിടെ അധികാരം 'പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം' (freedom to act) ആണ്. പിന്നീട് ഒരു ക്രിസ്തുശിഷ്യൻ സൂക്ഷിക്കേണ്ട പെരുമാറ്റച്ചട്ടം നിർദ്ദേശിക്കുകയാണ്.

ഈ വടിയുടെയും, ഭാണ്ഡത്തിന്റെയും, ചെരുപ്പിന്റെയും കഥ ഒത്തിരിക്കാലമായി കേൾക്കുന്നതുകൊണ്ട് വീണ്ടും വീണ്ടും പറയുന്നില്ല. വളരെ ലളിതമായി ഒന്നു പറയാം: Less luggage more Comfort. അധികഭാരം സകല സമാധാനവും കളയും. ഊന്നാൻ ഒരു വടിയും, ഒരു തുണി സഞ്ചി തോളിൽ തൂക്കിയും നടക്കാൻ സാധിച്ചാൽ അത്രയും നല്ലത്. തീർച്ചയായും ഒരു 'മിതത്വം' (minimalism) ശിഷ്യന്റെ ജീവിതത്തിൽ ആവശ്യമാണ്. കാരണം ഭാണ്ഡങ്ങളും, ഭാരങ്ങളും കൂടുമ്പോൾ ശ്രദ്ധയും (focus) മാറിപ്പോകും. ഇന്നുതന്നെ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുമ്പോഴും പുറത്ത് ഊരിയിട്ട പുതിയ ചെരുപ്പും, തിരക്കിൽ പാർക്ക് ചെയ്ത കാറും എത്രതവണ നമ്മുടെ ഓർമ്മയിൽ വന്നു. പണം കയ്യിൽ കരുതേണ്ട എന്നുപറഞ്ഞതും ഇതു കരുതിയിട്ടാണ്. കൈയിൽ പണം ഉള്ളപ്പോഴല്ലേ അതിൽ കുറവുണ്ടാകുന്നതിനെപ്പറ്റി ചിന്തയുണ്ടാവുക. ഒന്നുമില്ലെങ്കിൽ കിട്ടുന്നതെല്ലാം ബോണസ് അല്ലേ. രണ്ടു വസ്ത്രം വേണ്ടാന്നുള്ള കല്പന നിലനിൽക്കുമ്പോൾ, കാപ്പകൂട്ടം വെയ്ക്കാൻ സ്ഥലം തികയാത്തതിനാൽ ഒരു മുറികൂടി പണിയാൻ ശ്രമിക്കുന്ന ഇന്നിന്റെ ശിഷ്യനോട് എന്ത് പറയാനാണ്.

ഇനി എവിടെയെങ്കിലും സ്വീകരിച്ചാൽ ആ നാടുവിട്ടു പോകുവോളം അവിടെതന്നെ കഴിയുക. പരിമിതികൾ ഉണ്ടാവാം, ഉദ്ദേശിച്ചത്ര മോടിയുണ്ടാവില്ല, ചിലപ്പോൾ പയറു പുഴുങ്ങിയതും ഓട്സും തരാനുള്ള പാങ്ക് ഉണ്ടാവില്ല. എന്നാലും അവിടെതന്നെ കഴിയണം. ഒരു തൃപ്തി ആവശ്യമാണ്. ഉള്ളതിൽ, ആയിരിക്കുന്ന അവസ്ഥയിൽ ഒരു സംതൃപ്തി അത്യാവശ്യമാണ്. അവരൊക്കെ എത്ര സമൃദ്ധിയിൽ ആണ്, അവർക്കു എല്ലാമുണ്ട്, ചുമ്മാ അച്ചനു മാത്രം ഒന്നുമില്ല, സ്വന്തമായി ഒരു

വീടുപോലുമില്ല. ശരിയാണ്, നിഷേധിക്കുന്നില്ല. പക്ഷേ അതാണ് ശിഷ്യന്റെ ജീവിതം. എന്നാൽ അവിടെ തികഞ്ഞ സംതൃപ്തിയുണ്ടാകണം. ആരെങ്കിലും സ്വീകരിക്കുന്നില്ലെങ്കിൽ അവിടുന്ന് പോരുമ്പോൾ ചെരുപ്പിൽ പറ്റിയ പൂഴി കൂടി കുടഞ്ഞുകളഞ്ഞിട്ട് പോരണം. അതു എന്തിനാണ് അങ്ങനെയൊരു പ്രകടനം? പിള്ളേര് പിണങ്ങുമ്പോൾ പറയുന്നപോലെ 'നിന്റെ ഒരു കുന്തവും എനിക്ക് വേണ്ട' എന്നർത്ഥത്തിൽ ആണോ? രണ്ട് കാര്യങ്ങൾ ഇതിൽ നിന്നും അർത്ഥമാക്കാം: ഒന്ന്, ആരെങ്കിലും സ്വീകരിക്കാതെയിരുന്നാൽ തീർച്ചയായും ഒരു അസ്വസ്ഥത/നിരാശ സ്വാഭാവികമായും ഉണ്ടാകാം. അതിന്റെ അവ ശേഷിപ്പുകളൊന്നും പോകുന്ന വഴിയിൽ സൂക്ഷിക്കേണ്ടതില്ല. അതെല്ലാം തട്ടികളഞ്ഞിട്ട് വേണം യാത്ര തുടരാൻ. കഴിഞ്ഞ നിമിഷങ്ങളിൽ പിതൃനഗരത്തിൽ തനിക്കേറ്റ അപമാനത്തിന്റെ പശ്ചാത്തലത്തിലാണ് യേശു സംസാരിക്കുന്നതെന്നു മറന്നുപോകരുത്.

രണ്ട്, നിങ്ങളെ സ്വീകരിക്കാത്തവൻ എന്നെത്തന്നെയാണ് സ്വീകരിക്കാതെയിരിക്കുന്നത് എന്നു കർത്താവു പറഞ്ഞിട്ടുള്ളതാണ്. കർത്താവിനെ സ്വീകരിക്കാത്ത, അവന്റെ സുവിശേഷം സ്വീകരിക്കാത്ത ഒരുവന്റെയും ഒരു തരി പൂഴിമണൽ പോലും ക്രിസ്തുശിഷ്യന് ആവശ്യമില്ല. പള്ളിയിൽ മനഃപൂർവം വരാത്തവന്റെ, ആരാധനയിൽ സംബന്ധിക്കാത്തവന്റെ, എല്ലാത്തിലുമുപരി സുവിശേഷത്തെ സ്വീകരിക്കാത്തവന്റെ ഒരു തരി മണ്ണോ, നാണയതുട്ടുകളോ ആവശ്യമില്ലെന്നു പറയാനുള്ള ആർജ്ജവം ശിഷ്യന് ഉണ്ടാകണം. അതിപ്പോ, അമേരിക്കയിലെയോ, ദുബൈയിലെയോ അച്ചായൻ ആയാലും, നാട്ടിലെ ചേട്ടൻ ആയാലും ആ വഴിക്കുള്ള ഒരു സഹായവും പള്ളിക്കോ, പട്ടക്കാരനോ വേണ്ടാന്നു വെയ്ക്കാൻ നിലപാടുണ്ടാവണം. ഇതൊരു സാക്ഷ്യമായി തീരുമെന്നാണ് കർത്താവു പറയുന്നത്.

ഈ യാത്രയിൽ എന്താണ് ചെയ്യേണ്ടതെന്നും അവരോട് പറയുന്നു. അവർ പോയി എല്ലാവരും മാനസാന്തരപ്പെടണമെന്ന് പ്രസംഗിച്ചു. അതിനുശേഷം രോഗികളെ എണ്ണപൂശി സുഖപ്പെടുത്തി. ആദ്യമേ സൗഖ്യം നൽകുകയല്ല, മാനസാന്തരമാണ് ആവശ്യപ്പെടുന്നത്. ഇയാൾ എന്നും ഞങ്ങളെ നന്നാക്കാൻ നടക്കുവാണോന്നു ചോദിക്കരുത്. അതാണ് ശിഷ്യനെന്ന നിലയിൽ എന്നെ ഏൽപ്പിച്ച പണി. മനുഷ്യർ കുറെകൂടി ചൊവ്വാകണമെന്ന്/നന്നാകണമെന്ന്/തിരുത്തണമെന്ന്, സമ്പൂർണ്ണപരിവർത്തനം ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ടേയിരിക്കും. പിന്നെയാണ് സൗഖ്യം.

കുരിശുമരണത്തിനുശേഷം ക്രിസ്തുവിന്റെ ശുശ്രൂഷയുടെ വിപുലീകരണം (extension) സാധ്യമാകേണ്ടത് ശിഷ്യരിലൂടെയാണ്. പിതൃനഗരത്തിൽ തനിക്കേറ്റ പ്രഹരം നാളെ അവർക്കും പ്രതീക്ഷിക്കാം. അവിടെ ശിഷ്യന്മാർ തളർന്നുപോകരുത്, അസ്വസ്ഥരാകരുത്. ഏതു പ്രതികൂല സാഹചര്യത്തിലും ശുശ്രൂഷ അഭംഗുരം തുടരണം. ശിഷ്യൻ അതിനായി പാകപ്പെടണം.

ക്രിസ്തു ശുശ്രൂഷ നമുക്ക് എല്ലാവർക്കുമായിട്ട് അവൻ പങ്കുവെച്ചിരിക്കുകയാണ്. അച്ചനും മെത്രാച്ചനും മഠത്തിലമ്മക്കും മാത്രമായുള്ള ഒന്നല്ല ശുശ്രൂഷ. ഞാനും നീയും ഒരുപോലെ ഈ ശുശ്രൂഷ നിർവ്വഹണത്തിന് ബാധ്യസ്ഥനാണ്. നമ്മളും അയക്കപ്പെട്ടവരാണ്, അപ്പോസ്തോലർ (The Sent).

*12-ാം പേജ് തുടർച്ച...*

## VI. From earth-boundedness to exobiology

Enormous amounts of money, energy and intelligence are now being devoted to the search for signs of life outside of our planet earth. Exobiology or astrobiology desperately seeks 'life-markers' like liquid water in its search for extra-terrestrial life. Many people critically point out that a country like India that has to address basic questions of food, shelter, education and employment for a billion people is busy preparing to send human beings to other planets.

Looking at it from another perspective, it is the indomitable will and aspiration of human beings to search beyond their immediate needs of food and shelter. Spiritually speaking it could be the expression of the innate human desire to seek the infinite and transcendent dimensions. Now it seems some theological circles follow advanced science that seeks life in other planets. So theologians are now facing again the old question: what happens to the whole doctrinal edifice of Christian theology if we happen to find intelligent life in some other parts of the universe? An interesting recent book in this connection is Andrew Davison's Astrobiology and Christian Doctrine. The author seems to think that a new cosmological perspective at least will help us re-examine in a refreshing way our conventional theological understanding of God and creation.

## VII. The humility of God

In the ancient Christian prayer books one often comes across expressions like "the humility of God" and "our humble God". Of course, this is based on St Pauls teaching on the self-emptying (Kenosis) of God in the incarnate Christ (Phil. 2:6-9). The idea of the self-humbling of God does not seem to occur in other religious traditions. Since this is rooted in the mystery of incarnation

Christian theology should admit its own weaknesses and its limitations in expounding the knowledge of the ineffable God. To discern the humility of God in our theology we need enlightened intelligence deep compassion and great trust and faith in the power of God and the guidance of the Holy Spirit who continually perfects creation. A kenotic God opens up infinite space to accommodate the created world. A kenotic spirituality rising from such a self-emptying theology can take in the whole world with all its diversity, contradictions and incoherence, and still provide meaning and orientation.

**VIII. The fearless little flock**

The Serampore missionaries had the backdrop of an emerging mighty empire and the tall claim of a 'superior religion and race'. Do we Indian Christians in the 21st century still retain this alien imperial missionary paradigm of a bygone age?. Of course, we don't, I suppose. Given the current trends in India, Christians representing an already tiny minority in this country will have to consider seriously the forgotten metaphor of "the little sheepfold" that Christ once used for the community of his followers (Lk.12:32). What would be the outcome if that metaphor comes literally true in India? What would be its ecumenical significance for the unity of Indian Christians? What would be the implications for the continuing fight of Christians for equality, for human rights, for freedom to profess their faith, and serve their fellow human beings in a spirit of self-sacrifice faith, hope and love on the model of Jesus Christ their Saviour?


We need a lot of wisdom to discern the signs of the times in the fast changing political and religious- social environment of our country. We need a compassionate theology that vigilantly seeks to remind our rulers about meting out justice to the the poor and the disinherited, of care extended "unto this last'', of space of freedom where people can be together irrespective of their political and religious inclinations. Let us prepare ourselves to bear witness, boldly and in great humility, to the forgiving love of Christ and the wise guidance of the Holy Spirit.

The Serampore motto reminds the new graduands and all of us: Gloriam sapientes possidebunt - The wise will inherit glory. Through self-less service to our fellow humans and all the rest of creation may we all participate in the glory of the triune God, and be witnesses to the liberating, healing and reconciling power of Christ Jesus in our world.

***References:***


1. *Sutapa Dutta, British Women Missionaries in Bengal, 1793-1861, Anthem Press, 2017.*
2. *Rachel W. Laue, The Great Obligation: The Serampore Baptist Missionaries and the Rise of Social Service in Protestant Missions, Dissertation presented at San Diego State University, 2016.*
3. *Paulos Mar Gregorios, Enlightenment East and West: Pointers in the Quest for India's Secular Identity, (Indian Institute of Advanced Study, Shimla/ B.R. Publishing Corporation, Delhi, 1989.*
   *-A Light Too Bright: The Enlightenment today: An Assessment of the Values of the European Enlightenment and a Search for New Foundations for Human Civilization, State University of New York Press, 1992.*
4. *Karen Armstrong, Sacred Nature: How Can We recover Our Bond with the Natural World, The Boodley Head, London, 2023.*
5. *Andrew Davison, Astrobiology and Christian Doctrine, Cambridge University 2023.*


*Courtesy: Malankaraorthodox TV*




**ബുക്കർ പുരസ്കാരം**

ഇത്തവണത്തെ രാജ്യാന്തര ബുക്കർ പുരസ്കാരം നേടിയ കൃതിയാണ് ജെന്നി എർപെൻബെക്കിന്റെ 'കെയ്റോസ്'. 1980 കളിലെ ജർമ്മൻ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന മനോഹരമായ ഒരു പ്രണയ കഥയാണ് 'Kairos'. 19 വയസ്സുള്ള ഒരു പെൺകുട്ടിയും 50 വയസ്സുള്ള ഒരു വിവാഹിതനും തമ്മിലുള്ള പ്ര ണയം. ബെർലിൻ മതിൽ പൊളി ഞ്ഞുവീണ കാലത്തെ കിഴക്കൻ ജർ മ്മനിയുടെ രാഷ്ട്രീയമാണ് ഇതിലെ പ്ര മേയം. രാഷ്ട്രീയ ചരിത്രത്തിന്റെ പശ്ചാത്തലത്തോടൊപ്പം മുന്നേറുന്ന ഈ പ്രണയകഥ ഒരു പ്രത്യേക കാലഘട്ടത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും അടയാളപ്പെടുത്തുകയാണ്. വിഭിന്നമായ രണ്ട് സംസാരങ്ങളുടെ കൂടിച്ചേരൽ സൃഷ്ടിച്ച ദുരന്തത്തെ കൂടി നോവലിസ്റ്റ് ഇതിലൂടെ കാണിച്ചു തരുന്നുണ്ട്. പുസ്തകം പറയുന്നു: ''The wall has fallen, but the deep economic differences, the social differences, the psychological differences are not going away as quickly as the GDR (German Democratic Republic) newspapers. The outer unity is an opportunity, the inner unity is a task. For this unity each one must make their contribution, spiritual and material''.

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/08/2024
Price Rs. 10/-

KANDANAD DIOCESAN BULLETIN




## സൗഹൃദ... ഒരു ഉത്തമ സുഹൃത്ത്
## Souhruda... A True Companion

വെല്ലുവിളികൾ നിറഞ്ഞ ഈ ലോകത്തിൽ അതിജീവനത്തിന്റെ പാതയിൽ മാനസികമായ പിരിമുറുക്കം സ്വഭാവികമാണ്. പ്രായ-ലിംഗ ഭേദമെന്യ എല്ലാ മനുഷ്യരും ഈ പിരിമുറുക്കത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രത്യേകിച്ചും ഇക്കാലത്തു യുവാക്കൾ നേരിടുന്ന പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. പ്രതിസന്ധികൾക്കു മുൻപിൽ പകച്ചു നിൽക്കാതെ സധൈര്യം അഭിമുഖീകരിക്കാൻ കഴിയുകയെന്നതാണ് യഥാർത്ഥ വെല്ലുവിളി. വിഷമിക്കേണ്ട! 'സൗഹൃദ' നിങ്ങളെ അതിനു സജ്ജരാക്കും. ഉത്തമ സുഹൃത്തിനോടെന്നപ്പോലെ പ്രശ്നങ്ങൾ പങ്കുവെയ്ക്കുവാനും, പരിഹാരം കണ്ടെത്തി മുന്നോട്ട് പോകുവാനും സൗഹൃദ നിങ്ങളെ സഹായിക്കും. വിദഗ്ദ്ധരായ ഡോക്ടർമാരും, മനഃശാസ്ത്രജ്ഞരും അടങ്ങുന്ന സൗഹൃദ ടീം നിങ്ങൾക്കുവേണ്ടി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നു. പ്രതിസന്ധികൾക്കു മുൻപിൽ പകച്ചു നിൽക്കാതെ സൗഹൃദയോടൊപ്പം അതിജീവനത്തിന്റെ പാതയിൽ മുന്നേറാം.

A Malankara Orthodox Syrian Church
Kandanad East Diocese Initiative.
Call us on : +91-701 22 070 22

*2-ാം പേജ് തുടർച്ച...*

ഈ സാഹചര്യത്തിൽ മതം, മൂല്യവ്യവസ്ഥ എന്ന നില വിട്ട് കേവലം അനുഷ്ഠാനവ്യവസ്ഥയായി അധഃപതിക്കുന്നു. മതമില്ലാത്തതിനാൽ സമാധാനവും പുരോഗതിയും നേടാനായ, കുറ്റകൃത്യങ്ങൾ കുറഞ്ഞിരിക്കുന്ന ഹാപ്പിനസ് ഇൻഡക്സിൽ ഉയർന്നുനിൽക്കുന്ന രാഷ്ട്രങ്ങൾ എന്ന നിലയിൽ സ്കാൻഡിനേവിയൻ രാജ്യങ്ങൾ നിരന്തരം ഉദാഹരിക്കപ്പെടാറുണ്ട്. സത്യത്തിൽ വ്യക്തിയുടെ അവകാശസംരക്ഷണം, വാർദ്ധക്യകാലസുരക്ഷ, ഭിന്നശേഷിക്കാരുടെ പരിപാലനം, നിയമവാഴ്ച ഇവയിലൊക്കെ ഈ രാജ്യങ്ങൾ തന്നെയാണ് മുന്നിൽ എന്നതാണ് ശരി. വാസ്തവത്തിൽ മനുഷ്യനെ അവന്റെ സമ്പൂർണ്ണ ആരോഗ്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും വളർത്തുക എന്ന ലക്ഷ്യം മറന്നുകൊണ്ട് എങ്ങനെ ഇവിടുത്തെ മതങ്ങൾക്കും ക്രൈസ്തവസഭകൾക്കും നിലനിന്ന് വളരാൻ കഴിയും. നമ്മുടെ ആത്മീയപാഠങ്ങളിൽ സാമൂഹ്യആരോഗ്യം ഒരു വിഷയമാകുന്നില്ല എന്ന ദുരവസ്ഥ നാം അതിജീവിക്കുക തന്നെ വേണം.

*ഫാ. എബ്രഹാം കാരാമ്മേൽ*

## നേതൃത്വ പരിശീലന ക്യാമ്പ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ആത്മീയ സംഘടനാ പ്രവർത്തകർക്കായുള്ള നേതൃത്വ പരിശീലന ക്യാമ്പ് മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ നടന്നു. യുവജനപ്രസ്ഥാനം, വനിതാസമാജം, എൽഡേഴ്സ് ഫോറം എന്നീ സംഘടനകളെ പ്രതിനിധീകരിച്ചു 150 അംഗങ്ങൾ പങ്കെടുത്തു. രാവിലെ 9.30 മുതൽ വൈകിട്ട് 4 മണിവരെ നടന്ന ക്യാമ്പിൽ ഇടവക മെത്രാപോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി വിഷയാവതരണം (Foundations of Christian Leadership: Insights for Lay-Ministry) നടത്തി. ഫാ. എബ്രഹാം കാരാമ്മേൽ, ഫാ. സിബി മാത്യു വർഗീസ് എന്നിവർ ക്ലാസുകൾ നയിച്ചു. ഗ്രൂപ്പ് ചർച്ചകൾക്കും പാനൽ ചർച്ചകൾക്കും ശ്രീമതി ജിജി ജോൺസൻ, ഫാ. ബിനോയ് ജോൺ, ഫാ. റ്റുബി ബേബി, ഫാ. ബാബു എബ്രഹാം എന്നിവർ മോഡറേറ്റർമാരായിരുന്നു. ഭദ്രാസനത്തിലെ ബഹു. ശെമ്മാശന്മാർ ഗാനശുശ്രൂഷ നയിച്ചു. ഫാ. എൽദോ ജോൺ, ശ്രീ. എൽസൺ ജോണി, ശ്രീമതി. അൽസ തമ്പി, ശ്രീമതി. മിനി ജോസഫ് എന്നിവർ ക്യാമ്പിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകി. പന്നൂർ സെന്റ് ജോൺസ് ദേവാലയത്തിന്റെ നേതൃത്വത്തിൽ ഫുഡ് സ്റ്റാളും ക്യാമ്പ് സെന്ററിൽ പ്രവർത്തിച്ചു.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha-686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426